കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പെരുവള്ളൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2025-2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.എം.പി.എം.15/1850/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 08/09/2026
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുവള്ളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള

പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ:
കെ.എസ്.എ.എം.പി.എം.15/1850/2026

തീയ്യതി: 08/09/2026

മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2025 മുതൽ 21-07-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-08-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. അശ്റഫ് പെരുമ്പള്ളി കെ.എ.എസ്.	ഡെപ്യൂട്ടി ഡയറക്ടർ	22-07-2026	03-08-2026

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
22-07-2026	03-08-2026

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ. അബ്ദുന്നാസർ. പി., ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ.)
2. ശ്രീ. മുഹമ്മദ് സിയാദ്. പി. പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ശ്രീ. ബിജീഷ് മോഹൻ. റ്റി, സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ശ്രീ. റിൻഷാദ്. പി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. അബ്ദുൾ കലാം കെ.	പ്രസിഡന്റ്	01-04-2025	20-12-2025
-ഒഴിവ്-	പ്രസിഡന്റ്	21-12-2025	26-12-2025
ശ്രീ. സുനിൽ. പി. പി.	പ്രസിഡന്റ്	27-12-2025	31-03-2026
ശ്രീ. രാജേഷ് എ. കെ.	സെക്രട്ടറി	01-04-2025	31-03-2026

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
അസിസ്റ്റന്റ് സെക്രട്ടറി	ശ്രീമതി. എൻ. വി. പ്രജിതകുമാരി	01-04-2025	31-03-2026
അസിസ്റ്റന്റ് എഞ്ചിനീയർ	ശ്രീമതി. ബിന്ദു. ടി. പി.	01-04-2025	15-07-2025
അസിസ്റ്റന്റ് എഞ്ചിനീയർ	ശ്രീ. ബിനീഷ്. എ.	16-07-2025	31-03-2026
വെറ്ററിനറി സർജൻ	ഡോ. ജാബിർ. കെ	01-04-2025	31-03-2026
ഡയറി ഫാം ഇൻസ്ട്രക്ടർ	ശ്രീമതി. ഫാത്തിമ അമൽ. കെ. എം.	01-04-2025	31-03-2026
ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	ശ്രീമതി. ബിസ്ന. വി.	01-04-2025	31-03-2026
മെഡിക്കൽ ഓഫീസർ (ബി.എഫ്.എച്ച്.സി)	ഡോ. മുഹമ്മദ് റാസി. പി.	01-04-2025	31-03-2026
സീനിയർ മെഡിക്കൽ ഓഫീസർ (ആയുർവേദം)	ഡോ. അബ്ദുൽ റഫീഖ്. ഒ. പി.	01-04-2025	31-03-2026
മെഡിക്കൽ ഓഫീസർ (ഹോമിയോ)	ഡോ. സുനന്ദകുമാർ. എം.	01-04-2025	31-03-2026
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പറമ്പിൽപീടിക സർക്കിൾ)	ശ്രീ. വിനയകുമാർ കടവത്ത്	01-04-2025	31-03-2026
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പെരുവള്ളൂർ സർക്കിൾ)	ശ്രീ. അനിൽകുമാർ. വി. വി.	01-04-2025	31-03-2026
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	ശ്രീമതി. വിബിത. സി.	01-04-2025	31-03-2026

ഹെഡ്മിസ്ട്രസ്	ശ്രീമതി. സുലോചന. കെ. പി.	01-04-2025	31-03-2026
കൃഷി ഓഫീസർ	ശ്രീ. ജേക്കബ് ജോർജ്	01-04-2025	04-10-2025
കൃഷി ഓഫീസർ	ശ്രീമതി. ഷെബിൻ. ടി. പി.	05-10-2025	31-03-2026

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയായി രേഖപ്പെടുത്തിയില്ല	1-1-2
4	മുന്നിരിപ്പ് തുക ശീർഷകം മാറി രേഖപ്പെടുത്തി	1-1-3
5	ബാങ്ക് അക്കൗണ്ടുകൾ പൂർണ്ണമായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-4
6	യഥാർത്ഥത്തിൽ വരവ്, ചെലവ് ആകാത്ത തുകകൾ റെസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടുത്തി	1-1-5
7	കൺട്രോൾ അക്കൗണ്ട് ശീർഷകത്തിലെ നീക്കിയിരിപ്പ് തുക ജേണൽ ചെയ്ത് മാറ്റിയില്ല	1-1-6
8	വാർഷിക കണക്കുമായി പരിശോധിയ്ക്കാവുന്ന വിധത്തിൽ രജിസ്റ്ററുകൾ ഹാജരാക്കിയില്ല.	1-1-7
9	വാർഷിക കണക്കും രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല	1-1-8
10	ബജറ്റ്	1-2
11	സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)	1-3
12	ഫണ്ട് തുകകളിലെ വ്യത്യാസം	1-4-1
13	ഫണ്ട് വിനിയോഗം 2025-26 (അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)	1-4
14	പദ്ധതി അവലോകനം	1-5
15	തൊഴിലുറപ്പ് പദ്ധതി (MGNREGS)	1-6
16	ക്ഷേമപദ്ധതികൾ	1-7
17	ക്യാഷ് പരിശോധന	1-8
18	ആഭ്യന്തര നിയന്ത്രണം	1-9

19	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
20	ഇ-പേയ്മെന്റ് രസീത് തുക ബാങ്കിൽ ക്രെഡിറ്റ് ആകാത്തതിനാൽ ക്രമീകരിക്കാൻ അവശേഷിക്കുന്നു	1-11
21	തൊഴിൽനികുതി ഈടാക്കൽ - അപാകതകൾ	1-12
22	വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു	1-13
23	വളർത്തു നായകൾക്ക് ലൈസൻസ് നൽകിയിട്ടില്ല	1-14
24	സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ - അപാകതകൾ	1-15
25	അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി പുന:സ്ഥാപിച്ചില്ല	1-16
26	ലേലം സംബന്ധിച്ച രേഖകളും ലേല രജിസ്റ്ററും ഹാജരാക്കിയില്ല	1-17
27	വസ്തുനികുതി പരിഷ്ക്കരണം പൂർത്തീകരിച്ചിട്ടില്ല	1-18
28	പ്ലാൻ മോണിറ്ററിംഗ് റിപ്പോർട്ടിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല	1-19
29	അഡ്വാൻസ് നൽകിയ തുകയ്ക്ക് HOMCO യിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല	1-20
30	അഡ്വാൻസ് നൽകിയ തുകയ്ക്ക് ഔഷധിയിൽ നിന്നും മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല	1-21
31	അഡ്വാൻസ് നൽകിയ തുകയ്ക്ക് KMSCLൽ നിന്നും മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല	1-22
32	മെൻസ്ട്രുവൽ കപ്പ് - വിതരണം പൂർത്തിയാക്കിയില്ല	1-23
33	പാലിയേറ്റീവ് പരിചരണം - വാഹന വാടക നൽകിയതിലെ അപാകതകൾ	1-24
34	വയോജന ഉല്ലാസയാത്ര – സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്ക് വിരുദ്ധം	1-25
35	ഉങ്ങുങ്ങൽ അങ്കണവാടി - പുതിയ കെട്ടിടം നാളിതു വരെ പ്രവർത്തനസജ്ജമാക്കിയിട്ടില്ല	1-26
36	മൂല്യ നിർണ്ണയ തുകയിൽ അധികമായി തുക പിൻവലിച്ചു. ഓഡിറ്റ് എൻകൗയറിയെ തുടർന്ന് തുക തിരിച്ചടവാക്കി	1-27

37	ഷീ ബസ്-വനിതകൾക്ക് സൗജന്യ യാത്രാ ബസ് - പദ്ധതിയുടെ ഫലപ്രാപ്തിയും പ്രായോഗികക്ഷമതയും ഉറപ്പ് വരുത്തിയിട്ടില്ല	1-28
38	ഭരണ സമിതി തീരുമാനം നടപ്പാക്കിയിട്ടില്ല	1-29
39	കെ.എസ്.ഇ.ബി. യിലേക്ക് തുക അടവാക്കി - വിനിയോഗ / പൂർത്തീകരണ വിവരം ലഭ്യമല്ല	1-30
40	വസ്തു നികുതി പരിഷ്ക്കരണം - ജി.ഐ.എസ് മാപ്പിംഗ് - പൂർത്തീകരിച്ചിട്ടില്ല	1-31
41	ഇലക്ട്രിഫിക്കേഷൻ പൂർത്തീകരിച്ച കെട്ടിടങ്ങളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടില്ല	1-32
42	ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂൾ പ്രവർത്തിക്കുന്നു.	1-33

ഭാഗം 2

--- No Records Found ---

ഭാഗം 3

--- No Records Found ---

ഭാഗം 4

1	വാർഷിക കണക്ക് ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നിൽകിയതിന്റ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.	4-2
3	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ തിരിച്ചടവിന്റെ വിവരം	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.	4-8
9	ചാർജ് സർചാർജ് നടപടികളുടെ വിവരം.	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11

അനുബന്ധം

1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1
പൊതു അവലോകനം

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിന്റെ 2026 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2026 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 29.06.2026 തീയതിയിലെ 20(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 04.07.2026 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള

അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിന്റെ 2025-26 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2026ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2026ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

മലപ്പുറം
തീയതി : 08.09.2026

1-1-2 വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയായി രേഖപ്പെടുത്തിയില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(4) പ്രകാരം വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയിൽ രേഖപ്പെടുത്തേണ്ടതാണെങ്കിലും 3109001, 4502101, 1401701 എന്നീ ശീർഷകങ്ങളിൽ തുകകൾ ദശാംശ സംഖ്യയായി രേഖപ്പെടുത്തിയിട്ടുണ്ട്.

1-1-3 മുന്നിരിപ്പ് തുക ശീർഷകം മാറി രേഖപ്പെടുത്തി

01.04.2025 പ്രാബല്യത്തിൽ ILGMS അധിഷ്ഠിത അക്കൗണ്ടിംഗിൽ നിന്നും KSMART അധിഷ്ഠിത അക്കൗണ്ടിംഗ് സംവിധാനത്തിലേക്ക് മാറിയതിനെ തുടർന്ന്, 31.03.2025 തീയതിയിലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ഒന്നിലധികം അക്കൗണ്ട് ശീർഷകങ്ങളിലെ തുകകൾ ഒന്നിച്ചുചേർത്ത് 01.04.2026 തീയതിയിൽ വിവിധ അക്കൗണ്ട് ശീർഷകങ്ങളിലെ മുന്നിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. 31.03.2025 തീയതിയിലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള 414100106 - Primary Education-Buildings In Government Schools എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് തുക 4,99,173/- രൂപ 01.04.2025

തീയതിയിൽ 4107001 - Furniture, Fixtures, Fittings & Electrical Appliances എന്ന ശീർഷകത്തിലെ 65,92,121/- രൂപ മുന്നിരിപ്പിലാണ് തെറ്റായി ഉൾപ്പെടുത്തിയിട്ടുള്ളത്.

1-1-4 ബാങ്ക് അക്കൗണ്ടുകൾ പൂർണ്ണമായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

2024-25 വാർഷിക കണക്കിൽ RP 40(B) ഷെഡ്യൂളിൽ ഉണ്ടായിരുന്നതും 31.03.2025 തീയതിയിലെ നീക്കിയിരിപ്പ് പൂജ്യം ആയിരുന്നതുമായ ചുവടെ ചേർത്ത ബാങ്ക് അക്കൗണ്ടുകൾ 2025-26 വാർഷിക ധനകാര്യ പത്രികയുടെ മുന്നിരിപ്പിൽ ഉൾപ്പെടുത്തിയിട്ടില്ല.

ക്രമ നം.	അക്കൗണ്ട് വിവരം
1	CANARA HEALTH GRANT BUILDING LESS SUB - (110044134570)
2	SBI - (222)
3	SWACH BHARAT MISSION PHASE2 IDBI - (1044104000194716)
4	Nationalised Bank Account Of Own Revenue Fund
5	Sub Treasury, Tirurangadi - (715061400000003)
6	Sub Treasury, Tirurangadi - (799013000000977)
7	TREASURY SAVINGS BANK - (799011400001319)

1-1-5 യഥാർത്ഥത്തിൽ വരവ്, ചെലവ് ആകാത്ത തുകകൾ റെസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടുത്തി

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2)(ഡി) പ്രകാരം കാഷ് അടിസ്ഥാനത്തിലുള്ള പണം കൊടുക്കലും വാങ്ങലും ആണ് വാർഷിക ധനകാര്യപത്രികയിൽ റെസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടുത്തേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.
എന്നാൽ 2025-26 വർഷത്തിൽ വിവിധ ഗ്രാന്റ് ഇനങ്ങളിൽ അലോട്ട്മെന്റ് ലഭിച്ച തുക മുഴുവനായി റെസീപ്റ്റ് & പേയ്മെന്റ് പത്രിക ഷെഡ്യൂൾ R17ൽ വരവായും, ചെലവഴിക്കാതെ ലാപ്സ് ആയ 1,00,47,956/- രൂപ ഷെഡ്യൂൾ P17ൽ 3504018 – Refund Payable എന്ന ഹെഡിൽ ചെലവായും അക്കൗണ്ട് ചെയ്തത് വഴി വരവ് ചെലവുകളിൽ യഥാർത്ഥത്തിൽ ലഭിക്കാത്ത ₹1,00,47,956/- വരവായും ചെലവായും കാണിക്കുന്നതിന് ഇടയായി.
വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	ഫണ്ട് ഇനം	അലോട്ട്മെന്റ് തുക (₹)	R17ൽ വരവായി അക്കൗണ്ട്	പഞ്ചായത്ത് ചെലവഴിച്ച തുക (₹)	ലാപ്സായ തുക (₹)

			ചെയ്ത തുക (₹)		
1	വികസന ഫണ്ട് ജനറൽ	2,06,47,538	2,06,47,538	2,06,40,996	6,542
2	വികസന ഫണ്ട് SCP	47,08,734	47,08,734	47,08,649	85
3	മെയിന്റനൻസ് ഫണ്ട് റോഡ്	2,13,58,000	2,13,58,000	1,65,84,237	47,73,763
4	മെയിന്റനൻസ് ഫണ്ട് നോൺ റോഡ്	78,04,000	78,04,000	25,58,757	52,45,243
5	സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് (ട്രഷറി)	22,323	22,323	0	22,323
	ആകെ (3504018 – Refund Payable - Grants And Funds)				**1,00,47,956**

1-1-6 കൺട്രോൾ അക്കൗണ്ട് ശീർഷകത്തിലെ നീക്കിയിരിപ്പ് തുക ജേണൽ ചെയ്ത് മാറ്റിയില്ല

ബാലൻസ് ഷീറ്റ് ബി-8 ഷെഡ്യൂൾ പ്രകാരം 3501002 - Contractors Control Account എന്ന ബാധ്യത ശീർഷകത്തിൽ അവശേഷിക്കുന്ന 4,96,410/- രൂപ ബന്ധപ്പെട്ട ചെലവ് ശീർഷകത്തിലേക്ക് ജേണൽ ചെയ്ത് മാറ്റിയില്ല.

1-1-7 വാർഷിക കണക്കുമായി പരിശോധിയ്ക്കാവുന്ന വിധത്തിൽ രജിസ്റ്ററുകൾ ഹാജരാക്കിയില്ല.

സ്ഥാപന തൊഴിൽ നികുതി, ലേലം എന്നിവ സംബന്ധിച്ച രജിസ്റ്റർ ഹാജരാക്കാതിരുന്നതിനാൽ വാർഷിക കണക്ക് പ്രകാരം ഈയിനങ്ങളിലെ തുകകളുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്താനായിട്ടില്ല.

1-1-8 വാർഷിക കണക്കും രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല

താഴെപറയുന്ന രജിസ്റ്ററുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
1. ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂൾ പ്രകാരം 3401001 - Earnest Money Deposit എന്ന ശീർഷകത്തിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന ഡെപ്പോസിറ്റ് തുക 94,685/- രൂപ ആണെങ്കിലും ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഈയിനത്തിലുള്ള നീക്കിയിരിപ്പ് 95,623/- രൂപയാണ്. 1,528/- രൂപയുടെ വ്യത്യാസം ഉണ്ട്.
2. ജീവനക്കാരുടെ തൊഴിൽ നികുതി (1101001 Profession Tax – Employees) ഇനത്തിൽ വാർഷിക കണക്കിലെ തൻവർഷ തുകകൾ ഡി-സി-ബി രജിസ്റ്റർ പ്രകാരമുള്ള തുകകളുമായി താഴെപറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

ഇനം	തുക (₹)		
	വാർഷിക കണക്ക്	ഡി-സി-ബി രജിസ്റ്റർ	വ്യത്യാസം
ഡിമാൻഡ് (I1)	11,67,470	12,58,720	91,250
കലക്ഷൻ (R1 + Journal)	11,67,470	11,67,470	0
ബാലൻസ്	0	91,250	91,250

3. റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തുനികുതി ഇനത്തിൽ തൻവർഷ ബാലൻസ് തുക (ലൈബ്രറി സെസ് ഉൾപ്പെടെ) ബാലൻസ് ഷീറ്റ് ബി-14 ഷെഡ്യൂൾ പ്രകാരം 4311003 - Receivables For Property Tax On Residential Buildings (Current) എന്ന ശീർഷകത്തിൽ 81,479/- രൂപയും, ലഭ്യമാക്കിയ ഡി-സി-ബി റിപ്പോർട്ട് പ്രകാരം 79,563/- രൂപയുമാണ്. 1,916/- രൂപയുടെ വ്യത്യാസം ഉണ്ട്.

4. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരം ആസ്തികളുടെ മൂല്യം കണക്കാക്കിയതിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്താനായില്ല.

5. തൊഴിലുറപ്പ് പദ്ധതി (MGNREGS) ഗുണഭോക്താക്കൾക്ക് EFMS മുഖേന നേരിട്ട് നൽകിയ തുകയുടെ വിവരം സെക്ഷനിലെ കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള വർഷാന്ത്യ അബ്സ്ട്രാക്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള തുകയുടെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്താനായില്ല.

1-2 ബജറ്റ്

2025-26 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ, തീയതി	2025-26 ലെ ബജറ്റ് പുതുക്കിയ തീരുമാന നമ്പർ, തീയതി
1(1), 07.03.2025	1(1), 20.02.2026

1-3 സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

ഇനം	തുക (₹)
മുന്നിരിപ്പ്	4,37,59,391.00
വരവ്	13,36,86,695.50
ആകെ	17,74,46,086.50
ചെലവ്	12,46,43,731.00

നീക്കിയിരിപ്പ്	5,28,02,355.50

1-4-1 ഫണ്ട് തുകകളിലെ വ്യത്യാസം

താഴെപറയുന്ന ഫണ്ടിനങ്ങളിലെ ചെലവ് തുകകൾ വാർഷിക കണക്ക്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

ക്രമ നമ്പർ	ഫണ്ടിനം	ചെലവ് തുക (₹)		
		വാർഷിക കണക്ക് (I-6 + B-3 Ledger)	എ.സി.ആർ+ G.O	വ്യത്യാസം
1	മെയിന്റനൻസ് ഗ്രാന്റ് (റോഡ്)	1,67,79,911	1,65,84,237	-1,95,674
2	ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്)	36,80,767	37,30,767	50,000

വ്യത്യാസങ്ങൾക്ക് വിശദീകരണം ഓഡിറ്റ് എൻകയറി നമ്പർ 24/2025-26/31.07.2026ന് മറുപടിയായി ലഭ്യമാക്കിയത് ചുവടെ ചേർക്കുന്നു

1) KSMARTൽ ചെലവ് ശീർഷകങ്ങൾ തെരഞ്ഞെടുക്കാൻ സാധിക്കില്ല. ഇത് സോഫ്റ്റ്വെയർ തന്നെ തെരഞ്ഞെടുക്കുന്നതാണ്. മെയിന്റനൻസ് ഗ്രാൻഡ് (റോഡ്) ഫണ്ടിലെ ചെലവുകൾ മുഴുവനായും അസറ്റ് ശീർഷകത്തിലായിരുന്നു ബുക്ക് ചെയ്തിരുന്നത്. ഇത് റെക്ടിഫിക്കേഷൻ ജേണൽ വഴി മുഴുവനായും തിരുത്തിയിട്ടുണ്ട്. അസറ്റ് ശീർഷകത്തിൽ ബുക്ക് ചെയ്യുന്ന തുകക്ക് ആനുപാതികമായി ഫണ്ടിന്റെ 320ൽ തുടങ്ങുന്ന ശീർഷകത്തിൽ നിന്നും ഒരു ഓട്ടോ ജേണൽ കാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് ക്രെഡിറ്റാകും. ഹെഡ് കറക്ഷൻ ചെയ്തത് കൊണ്ട് തന്നെ കാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് പോയ തുക ഫണ്ടിന്റെ റവന്യൂ ശീർഷകത്തിലേക്ക് മാറ്റേണ്ടതുണ്ടായിരുന്നു. ഇങ്ങനെ മാറ്റിയ സമയത്ത് യഥാർത്ഥ ചെലവ് ശീർഷകത്തിൽ (റെവന്യൂ) ബുക്ക് ചെയ്തിരുന്ന ടി ഫണ്ടിലെ 1,95,674/- രൂപയുടെ ഒരു ചെലവ് ഉൾപ്പെട്ടുപോയതാണ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെയും വാർഷിക കണക്കിലെയും ചെലവ് തുകയിൽ 1,95,674/- രൂപ വ്യത്യാസപ്പെടാൻ കാരണം. അതായത് വ്യത്യാസമുള്ള തുക 2 തവണ ചെലവിൽ വന്നിട്ടുണ്ട്.
2) മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള ബാല സൗഹൃദ പഞ്ചായത്ത് - ബാല്യം എന്ന പ്രൊജക്ട് ഫയലിൽ നിന്നും ജനറേറ്റ് ചെയ്ത 50,000/- രൂപയുടെ FNCR-00324932-2025 നമ്പർ ക്ലെയിം റദ്ദ് ചെയ്യേണ്ടതായിരുന്നു. എന്നാൽ സാങ്കേതികമായ കാരണങ്ങളാൽ ഇത് റദ്ദ് ചെയ്യാൻ സാധിച്ചിരുന്നില്ല. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ക്ലെയിം തുക ചെലവായി കാണുന്നു എന്നത് സോഫ്റ്റ്വെയർ

ഡെവലപ്പ്മെന്റ് തലത്തിൽ പരിഹരിക്കേണ്ടതാണ്. ആയതിനായി സൂചികയിൽ പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ട്. പരാതി പരിഹരിക്കുന്ന മുറക്ക് യഥാർത്ഥത്തിൽ വാർഷിക കണക്ക് പ്രകാരമുള്ള 36,80,767/- രൂപയിലേക്ക് കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) ഫണ്ടിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവ് ക്രമീകരിക്കപ്പെടും. ഈ ക്ലെയിം പ്രകാരമുള്ള തുകക്ക് റികമിസിഷനോ ചെലവോ നടത്തിയിട്ടില്ല. ആയതിനാൽ വ്യത്യാസം സാങ്കേതികമാണ്, യഥാർത്ഥ ചെലവല്ല.

1-4 ഫണ്ട് വിനിയോഗം 2025-26 (അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

ഫണ്ടിനം	മുൻബാക്കി (₹)	തൻവർഷ വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ്/ ലാപ്സായ തുക (₹)
വികസന ഫണ്ട് (ജനറൽ)	0	2,06,47,538	2,06,47,538	2,06,40,996	6,542
വികസന ഫണ്ട് (എസ്.സി.പി)	0	47,08,734	47,08,734	47,08,649	85
സംരക്ഷണ ഗ്രാന്റ് (റോഡ്)	0	2,13,58,000	2,13,58,000	1,65,84,237	47,73,763
സംരക്ഷണ ഗ്രാന്റ് (റോഡിതരം)	0	78,04,000	78,04,000	25,58,757	52,45,243
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺ ടൈഡ്	24,73,844	52,13,086	76,86,930	36,80,767	40,06,163
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ്	1,00,37,049	37,41,532	1,37,78,581	61,90,414	75,88,167
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് (ട്രഷറി)	0	22,323	22,323	0	22,323

കുറിപ്പ് :-

അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ്, അൺ ടൈഡ് ഇനങ്ങളുടെ മുന്നിരിപ്പ് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇവയുടെ നീക്കിയിരിപ്പ് തെറ്റായാണ് കാണിച്ചിട്ടുള്ളത്. ഈയിനങ്ങളുടെ മുന്നിരിപ്പ് ഉൾപ്പെടുത്തി, ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്ന വിധത്തിലാണ് ഈ ഓഡിറ്റ് റിപ്പോർട്ടിൽ വിവരം രേഖപ്പെടുത്തിയിട്ടുള്ളത്.

1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചത് (എണ്ണം)	അടങ്കൽ തുക (₹)	നടപ്പാക്കിയത് (എണ്ണം)	ചെലവഴിച്ച തുക (₹)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ %
297	17,18,01,381	195	8,98,70,355	63	39	65.6

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ :- ഇല്ല

കുറിപ്പ്__:- പ്ലാൻ മോണിറ്ററിംഗ് റിപ്പോർട്ടുകളിലെ അപാകതകൾ സംബന്ധിച്ച് ഖണ്ഡിക നം. 1-19ൽ പരാമർശിച്ചിട്ടുള്ളത് കാണുക.

1-6 തൊഴിലുറപ്പ് പദ്ധതി (MGNREGS)

ഇനം	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരുപ്പ് (₹)
ഭരണ ചെലവ്	1,289	34,29,984	34,31,273	34,16,615	14,658
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക	0	1,13,70,148	1,13,70,148	1,13,70,148	0
ആകെ	**1,289**	**1,48,00,132**	**1,48,01,421**	**1,47,86,763**	**14,658**

കുറിപ്പ് :-
തൊഴിലുറപ്പ് പദ്ധതിയിൽ നേരിട്ട് നൽകിയ തുകയുടെ വിവരം MGNREGS സെക്ഷനിലെ ക്യാഷ്ബുക്ക് അബ്സ്ട്രാക്റ്റിൽ രേഖപ്പെടുത്തിയിട്ടില്ല (ഖണ്ഡിക നം. 1-1-8(5) കാണുക). വാർഷിക കണക്കിലെ ലെഡ്ജറുകൾ പ്രകാരമുള്ള വിവരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

1-7 ക്ഷേമപദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	28,96,600	151
വിധവാ പെൻഷൻ	2,20,11,100	1146
വാർദ്ധക്യകാല പെൻഷൻ	4,69,36,400	2445
വികലാംഗ പെൻഷൻ	1,17,60,200	613
വിവാഹ ധനസഹായം	1,20,000	4

50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള സഹായം	5,31,000	320

1-8 ക്യാഷ് പരിശോധന

പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2025-26 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 24.07.2026 തീയതി 2.30 പി.എം ന് നടത്തിയ ക്യാഷ് ബാലൻസ് ഭൗതിക പരിശോധനയിൽ 28,577/- രൂപയുടെ ക്യാഷ് നീക്കിയിരിപ്പാണ് കണ്ട് ബോധ്യപ്പെട്ടത്. ഇത് 24.07.2026 തീയതിയിൽ പരിശോധന സമയം വരെയുള്ള കൗണ്ടർ കളക്ഷൻ തുകയ്ക്ക് തുല്യമാണ്. എന്നാൽ അതേ സമയത്തെ കെ സ്മാർട്ട് ക്യാഷ് ബുക്ക് സമ്മറി റിപ്പോർട്ട് പ്രകാരം 35,328/- രൂപയാണ് ക്യാഷ് ബാലൻസ് ആയി രേഖപ്പെടുത്തിയിട്ടുള്ളത്. അന്നേ ദിവസത്തെ മുന്നിരിപ്പ് തുകയായ 16,573/- രൂപയിൽ നിന്നും 23.07.2026 തീയതിയിലെ കൗണ്ടർ കളക്ഷൻ തുകയായിരുന്ന 9,822/- രൂപ ബാങ്കിൽ അടവാക്കിയതിന്റെ കോൺട്രാ എൻട്രി രേഖപ്പെടുത്തിയിട്ടുണ്ട്. ക്യാഷ് ബുക്ക് സമ്മറി റിപ്പോർട്ട് പ്രകാരം മുന്നിരിപ്പിൽ അവശേഷിക്കേണ്ടിയിരുന്ന തുകയായ 6,751/- രൂപ (16,573 - 9,822) ക്യാഷ് ബാലൻസ് ഭൗതിക പരിശോധനയിൽ കാണാനായില്ല. നീക്കിയിരിപ്പ് വ്യത്യാസത്തിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം.3/24.07.2026) മറുപടിയായി 08.04.2026-ലെ 4,829/- രൂപയുടെ ക്യാഷ് റെമിറ്റൻസും 10.04.2026-ലെ 1,922/- രൂപയുടെ ക്യാഷ് റെമിറ്റൻസും (ആകെ 6,751/- രൂപ) ക്യാഷ് ബുക്കിൽ പ്രതിഫലിക്കാത്തതായി കണ്ട സാഹചര്യത്തിൽ കോൺട്ര എൻട്രി പൂർത്തീകരിച്ച് ക്യാഷ് ബാലൻസ് ക്രമീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. ഭാവിയിൽ, കോൺട്ര എൻട്രികൾ യഥാസമയം രേഖപ്പെടുത്തേണ്ടതും, ദിനാന്ത്യത്തിൽ ക്യാഷ് ബുക്ക് ക്ലോസ് ചെയ്യുമ്പോൾ ക്യാഷ് ബാലൻസ് ഭൗതിക പരിശോധന നടത്തി കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ്.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ കണ്ടെത്തിയ പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. ഹെഡ്മിസ്ട്രസ് ക്യാഷ്ബുക്ക്, പ്രോജക്ട് റജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.
2. വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഫലപ്രദമായ പദ്ധതി മോണിറ്ററിംഗ് നടക്കുന്നില്ല.
3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
4. പാഴ് വസ്തുക്കളും ഉപയോഗ ശൂന്യമായ സാധനങ്ങളും ലേലം ചെയ്ത് കൈയ്യൊഴിയുന്നതിൽ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല.
5. തെരുവ് വിളക്കുകളെ സംബന്ധിച്ച് കാലികമായ വിവരം ലഭിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	19.03.2020	01.01.2020 മുതൽ 29.02.2020 വരെ	29.02.2020
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	09.03.2018	2012-13 മുതൽ 2016-17 വരെ	10.05.2018

1-11 ഇ-പേയ്മെന്റ് രസീത് തുക ബാങ്കിൽ ക്രെഡിറ്റ് ആകാത്തതിനാൽ ക്രമീകരിക്കാൻ അവശേഷിക്കുന്നു

ബാലൻസ് ഷീറ്റ് ബി-17 ഷെഡ്യൂൾ പ്രകാരമുള്ള SBoI 67262528842 Epayment ബാങ്ക് അക്കൗണ്ടിന്റെ 31.03.2026 തീയതിയിലെ ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ "Cheques Deposited But Not Collected (Old)" ആയി രേഖപ്പെടുത്തിയിട്ടുള്ള 668 രൂപ (വൗച്ചർ നമ്പർ 117020900074/18.03.2018 പ്രകാരമുള്ള ഇ-പേയ്മെന്റ് രസീത് തുക) ബാങ്കിൽ ക്രെഡിറ്റ് ആകാത്തതിനാൽ ക്രമീകരിക്കപ്പെടാതെ അവശേഷിക്കുന്നു. പ്രസ്തുത തുക 30.06.2026 വരെയും പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവ് വന്നിട്ടില്ല എന്ന് ജൂൺ മാസത്തെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പരിശോധിച്ചതിൽ വ്യക്തമായി. ജൂണിന് ശേഷം റി കൺസിലിയേഷൻ പത്രിക തയ്യാറാക്കാത്തതിനാൽ നിലവിലെ സ്ഥിതി പരിശോധിക്കാനായിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 23 പ്രകാരം പഞ്ചായത്ത് കളക്ട് ചെയ്യുന്ന പണം 500 രൂപയിൽ കൂടുതലാണെങ്കിൽ അതേ ദിവസം തന്നെയോ തൊട്ടടുത്ത ദിവസമോ ബന്ധപ്പെട്ട ബാങ്ക് / ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

പഞ്ചായത്തിന് വേണ്ടി കളക്ട് ചെയ്ത പണം രസീത് രേഖപ്പെടുത്തിയതിന് ശേഷം 8 വർഷത്തിലധികം പിന്നിട്ടിട്ടും പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല എന്നത് വളരെ ഗൗരവമായി കാണേണ്ടതുണ്ട്.

അപാകത ഐ.കെ.എം. ന്റെ ശ്രദ്ധയിലെടുത്തിയിട്ടുള്ളതാണെന്നും, ആയത് വീണ്ടും പരാതിയായി രജിസ്റ്റർ ചെയ്ത് ഐ.കെ.എം. ൽ നിന്നും പരിഹാരം തേടുന്നതാണെന്നും ഓഡിറ്റ് എൻകൗയറി നമ്പർ 24/2025-26/31.07.2026ന് മറുപടിയായി സെക്രട്ടറി അറിയിച്ചു. പ്രസ്തുത തുക അക്കൗണ്ടിൽ വരവ് വയ്ക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ പുരോഗതി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-12 തൊഴിൽനികുതി ഈടാക്കൽ - അപാകതകൾ

2025-26 വർഷത്തെ തൊഴിൽനികുതി പിരിവുമായി ബന്ധപ്പെട്ട പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ചുവടെ ചേർക്കുന്ന അപാകതകൾക്ക് ഓഡിറ്റ് എൻകൃയറിക്ക് (നം.6/2025-2026/25.07.2026) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
1) പഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ വാർഡ് തിരിച്ചുള്ള വിവരം/രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
2) അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പ്രൊഫഷണലുകൾ, ഹെവി വാഹന ഉടമകൾ, റേഷൻ വ്യാപാരികൾ, മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് 60 ദിവസത്തിലധികം പ്രവൃത്തി നിർവഹിച്ച കരാറുകാർ തുടങ്ങി തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ വിവരം ഉൾപ്പെടുന്ന രജിസ്റ്റർ തയ്യാറാക്കി അവരിൽ നിന്ന് നിയമാനുസൃത തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലെ ഡോക്ടർമാർ, എൻജിനീയർമാർ മറ്റ് പ്രൊഫഷണൽ ജോലിക്കാർ തുടങ്ങിയവരുടെ ഡാറ്റാ ബേസ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് മറുപടി ലഭ്യമാക്കി .
3) 2025-26 സാമ്പത്തിക വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചപ്പോൾ 2024-25 വർഷം തൊഴിൽ നികുതി ഈടാക്കിയിരുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല .

i. അരീക്കാട്ട് ജ്വല്ലറി
ii. കെ.പി. സ്റ്റീൽസ് പറമ്പിൽ പീടിക
iii. ഇസ്സ ഫുഡ് പ്രൊഡക്ട്സ്
iv. ക്ലീൻ അപ്പ് ലോൺഡ്രി കൂമണ്ണ
v. പഴേരി ഹോളോ ബ്രിക്സ്
vi. പഴേരി ക്രഷർ ഉങ്ങുങ്ങൽ
vii. ക്രസ്റ്റ് ഇന്ത്യൻ ബ്രെഡ്സ്
viii. സോൺ ലീഫ് ട്രേഡിങ്
ix. സ്വാദ് ഫുഡ് പ്രൊഡക്ഷൻ
x. കൂമണ്ണ വുഡ് വർക്സ്
xi. കോട്ടക്കൽ ആയുർവേദ
xii. കാരുണ്യ മെഡിസിറ്റി
xiii. ശോഭ ജ്വല്ലറി
xiv. റേയ്സ് പോളി ക്ലിനിക്ക്
xv. ബിൽഡ് റോ എഞ്ചിനീയേഴ്സ്
xvi. ജാസ്മിൻ എഞ്ചിനീയറിങ്
xvii. ടി.കെ.ബി. പെട്രോൾ പമ്പ്
xviii. ഫാമിലി ഹെൽത്ത് കെയർ ക്ലിനിക്ക്
xix. അജ്മീർ ഫുഡ്സ്

xx. ശ്വാസ് മെഡിക്കൽ സെന്റർ

പട്ടികയിൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങൾക്കെല്ലാം രണ്ട് അർദ്ധവർഷത്തിലും കൃത്യമായി അറിയിപ്പ് നൽകിയിട്ടുള്ളതാണന്നും എന്നാൽ പല സ്ഥാപനങ്ങളും കൃത്യ സമയത്ത് നികുതി അടവാക്കിയിട്ടില്ലന്നും പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടന്നും മറുപടി ലഭ്യമാക്കി.

4) പഞ്ചായത്തിൽ സ്ഥാപന തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ സ്ഥാപന തൊഴിൽ നികുതിക്ക് വിധേയമായ സ്ഥാപനങ്ങളുടെ എണ്ണം, നികുതി ഈടാക്കൽ, കുടിശ്ശിക എന്നിവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.മുൻ വർഷങ്ങളിൽ ലൈസൻസ് രജിസ്റ്ററിൽ ലൈസൻസിനോടൊപ്പം ഈടാക്കുന്ന സ്ഥാപന തൊഴിൽ നികുതി കൂടി രേഖപ്പെടുത്താറുണ്ടന്നും 2025-26 വർഷത്തിൽ കെ-സ്മാർട്ട് മുഖേനയാണ് ലൈസൻസ് നൽകി വരുന്നതന്നും ആയതിനാൽ ഈടാക്കിയ സ്ഥാപന തൊഴിൽ നികുതി പ്രത്യേകം എഴുതി സൂക്ഷിച്ചിട്ടില്ലന്നും ഇനി മുതൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണന്നും മറുപടി ലഭ്യമാക്കി.
അപാകതകൾ പരിഹരിക്കേണ്ടതും, പഞ്ചായത്തിന്റെ തനത് വരുമാനത്തിന്റെ പ്രധാന സ്രോതസ്സുകളിലൊന്നായ സ്ഥാപന തൊഴിൽ നികുതി വരും വർഷങ്ങളിൽ കൃത്യമായി പിരിച്ചെടുക്കേണ്ടതുമാണ്.

1-13 വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം (2025-26) 250 വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നു. എന്നാൽ പഞ്ചായത്തിലെ ഹരിത കർമ്മസേന യൂസർ ഫീ കളക്ഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചത് പ്രകാരം, യൂസർ ഫീ നൽകിയ വ്യാപാര സ്ഥാപനങ്ങളുടെ എണ്ണം 609 ആണ്. അതായത് മുന്നൂറോളം വാണിജ്യ സ്ഥാപനങ്ങൾ നിലവിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലാ എന്ന് ഉറപ്പ് വരുത്തിയതിന്റെ വിശദാംശം ലഭ്യമാക്കാൻ നൽകിയ അന്വേഷണകുറിപ്പിന് (നം.8/2025-2026/25.07.2026) മറുപടി ലഭ്യമാക്കിയില്ല. സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതും ഇത് സംബന്ധിച്ച് ലൈസൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

1-14 വളർത്തു നായകൾക്ക് ലൈസൻസ് നൽകിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. 2026-27 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 105 വളർത്തു നായകൾ ഉണ്ട്. എന്നാൽ വളർത്തു നായകൾക്കുള്ള ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം (2025-26) ആകെ 10 വളർത്തു നായകൾക്ക് മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത്. വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നം.7/2025-2026/25.07.2026) പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ വളർത്തുനായകളുടെയും

വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ മുഴുവൻ വളർത്തുനായകൾക്കും പഞ്ചായത്ത് ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണന്ന് മറുപടി ലഭ്യമാക്കി. പഞ്ചായത്ത് പരിധിയിലെ മുഴുവൻ വളർത്തുനായകൾക്കും ലൈസൻസ് എടുത്ത് രജിസ്റ്റർ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ പരിപാലിച്ച് കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

1-15 സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ - അപാകതകൾ

1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ 3, 4, 5 എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കുവാൻ പാടുള്ളതല്ല. ഒരു സ്വകാര്യ ആശുപത്രിയോ, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ, പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനു പതിനഞ്ചു ദിവസത്തിൽ കുറയാത്ത കാലയളവിനു മുൻപായി അതു നടത്താൻ ഉദ്ദേശിക്കുന്ന ആളോ, നടത്താൻ ചുമതലപ്പെട്ടിട്ടുള്ള ആളോ ഇരുനൂറ് രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം ഫോറം 1-ൽ സെക്രട്ടറിക്കു സമർപ്പിക്കേണ്ടതും അപേക്ഷ ലഭിച്ചാൽ ഒരാഴ്ചയ്ക്കകം സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ, അപേക്ഷകൻ സ്ഥാപനം തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലം സന്ദർശിച്ച സ്ഥലത്തിന്റെ ശുചിത്വം, കെട്ടിടത്തിന്റെയോ കെട്ടിടങ്ങളുടെയോ സുരക്ഷിതത്വം, അപേക്ഷയിൽ പറയുന്ന മറ്റു വിവരങ്ങളുടെ നിജസ്ഥിതി എന്നിവ സംബന്ധിച്ച അപേക്ഷയുടെ ബന്ധപ്പെട്ട ഭാഗത്ത് ഒരു അന്വേഷണ റിപ്പോർട്ട് എഴുതി തയ്യാറാക്കേണ്ടതുമാണ്. രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2-ൽ ഉള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപ്രകാരം രേഖപ്പെടുത്തിക്കഴിഞ്ഞാൽ ആ സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടതായി കണക്കാക്കേണ്ടതും ടി സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടു എന്നതിന്റെ തെളിവായി അപേക്ഷകനു ഫോറം 3-ൽ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പരിശോധനയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ ചുവടെ ചേർത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	വാർഡ് നം. / കെട്ടിട നം.	ലൈസൻസിയുടെ പേര്
1	സി.പി. ഡെന്റൽ സ്റ്റുഡിയോ	5/791/M	തബ്ഷീർ മുഹമ്മദ് സി.പി.

2	ഐ ട്രസ്റ്റ് ഐ ക്ലിനിക്ക്	18/397/F, 18/397/G, 18/397/H	മുഹമ്മദ് ഹർഷാദ് പുലിക്കോടൻ
3	ആസ്റ്റർ ലാബ്സ്	18/397/J, 18/397/K	സലീം മാലിക് പി.കെ.
4	അൽ റാദ് ഹെൽത്ത് കെയർ	16/412/C	അഫ്സൽ കളത്തിങ്ങൽ
5	കരുണ അഡ്വാൻസ്ഡ് സെന്റർ ഫോർ ഫിസിയോതെറാപ്പി ആൻഡ് റീഹാബിലിറ്റേഷൻ	6/375/B	അബ്ദുൽ ജലീൽ വള്ളിക്കുത്തൻ
6	ഡോ. അഷ്ഫ്'സ് ആയുർവേദ സെന്റർ, പറമ്പിൽ പീടിക	3/256/H	മുഹമ്മദ് അഷ്ഫ് സി.കെ.
7	സ്മൈൽ ലോഞ്ച് ഡെന്റൽ ക്ലിനിക്ക്	18/360/C, 18/360/D	ജാസ്മിൻ കാസിം പണിക്കവീട്ടിൽ
8	ഡോ. നെയ്യൻ'സ് ഡയഗ്നോസ്റ്റിക്സ്	18/339/H	മുഹമ്മദ് ഷെഫീഖ് നെയ്യൻ

2025-26 സാമ്പത്തിക വർഷം മേൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (നം.7/25.07.2026) കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 269 പ്രകാരം സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനം എന്നതിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള ക്ലിനിക്കൽ ലബോറട്ടറി, എക്സ്-റേ യൂണിറ്റ്, രക്തബാങ്ക്, സ്കാനിംഗ് സെന്റർ എന്നിവയും അതത് വിഷയങ്ങളെ സംബന്ധിച്ചുള്ള പരിശീലന കേന്ദ്രങ്ങളും നഴ്സിംഗ് സ്കൂളുകളും ഉൾപ്പെടുന്നുവെന്നും അപാകതയിൽ പരാമർശിച്ചിട്ടുള്ള സി.പി. ഡെന്റൽ സ്റ്റുഡിയോ, ഐ ട്രസ്റ്റ് ഐ ക്ലിനിക്ക്, അൽ റാദ് ഹെൽത്ത് കെയർ, കരുണ അഡ്വാൻസ്ഡ് സെന്റർ ഫോർ ഫിസിയോതെറാപ്പി ആൻഡ് റീഹാബിലിറ്റേഷൻ, ഡോ. അഷ്ഫ്'സ് ആയുർവേദ സെന്റർ, പറമ്പിൽ പീടിക, സ്മൈൽ ലോഞ്ച് ഡെന്റൽ ക്ലിനിക്ക്, ഡോ. നെയ്യൻ'സ് ഡയഗ്നോസ്റ്റിക്സ് എന്നീ സ്ഥാപനങ്ങൾക്ക് ക്ലിനിക്ക് ആയിട്ടാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളതന്നും ആയതിനാൽ മേൽ സ്ഥാപനങ്ങൾ സ്വകാര്യ ആശുപത്രിയുടെയോ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ നിർവചനത്തിൽ പെടുന്നില്ല എന്നും ഓഡിറ്റ് എൻകൗയറിയിൽ പരാമർശിച്ച ആസ്റ്റർ ലാബ് എന്ന സ്ഥാപനം പാരാമെഡിക്കൽ സ്ഥാപനത്തിന്റെ നിർവചനത്തിൽ ഉൾപ്പെടുന്നതാണന്നും ടി സ്ഥാപനത്തിന് പാരാമെഡിക്കൽ ലൈസൻസ് എടുക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കി. എന്നാൽ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 269 (എ) പ്രകാരം ആശുപത്രി എന്നാൽ ശാരീരികമോ മാനസികമോ ആയ ഏതെങ്കിലും അസുഖമോ, ക്ഷതമോ, വൈകല്യമോ കാരണം ക്ലേശമനുഭവിക്കുന്ന ആളുകളെ പ്രവേശിപ്പിക്കുകയോ പാർപ്പിക്കുകയോ ചെയ്യുന്നതിനും അവർക്ക് ചികിത്സയോ ശുശ്രൂഷയോ അല്ലെങ്കിൽ അവ രണ്ടും കൂടിയോ

നൽകുന്നതിനും ഉപയോഗിക്കുന്നതോ ഉപയോഗിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും സ്ഥാപനമോ പരിസരമോ എന്നാണ് അർത്ഥമാക്കുന്നത്. മറുപടിയിൽ ലഭ്യമാക്കിയ സി.പി. ഡെന്റൽ സ്റ്റുഡിയോ, സ്മൈൽ ലോഞ്ച് ഡെന്റൽ ക്ലിനിക്ക് എന്നിവയും ഫിസിയോതെറാപ്പി, ആയുർ കെയർ സ്ഥാപനങ്ങളും മുൻ വർഷങ്ങളിൽ രജിസ്റ്റർ പരിശോധിച്ചപ്പോൾ രജിസ്ട്രേഷൻ എടുത്തവയാണ്. സ്ഥാപനങ്ങൾക്ക് ചട്ടപ്രകാരം രജിസ്ട്രേഷൻ നേടുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും പാരാമെഡിക്കൽ രജിസ്ട്രേഷൻ സംബന്ധിച്ച തുടർനടപടികളുടെ വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-16 അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി പുന:സ്ഥാപിച്ചില്ല

അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പടെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കേരള പഞ്ചായത്ത് രാജ് ആക്ട് 207 (ബി.എ) വകുപ്പ് പ്രകാരം അനുവദിച്ച് വന്നിരുന്ന വസ്തുനികുതിയിളവിൽ സർക്കാർ, എയ്ഡഡ് ഒഴികെയുള്ളവയുടെ ഇളവ് 28.03.2023ലെ നമ്പർ 15(2) ലെഗ് എ2/2023/നിയമം സർക്കാർ ഉത്തരവ് പ്രകാരം 01.04.2023 പ്രാബല്യത്തിൽ ഒഴിവാക്കിയിട്ടുള്ളതാണ്. നിലവിൽ ഹയർ സെക്കണ്ടറി തലം വരെയുള്ള അൺ എയ്ഡഡ് സ്കൂളുകളുടെ വസ്തു നികുതി ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലെ വാർഡുകളിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകളുടെ വിവരവും വസ്തു നികുതി ചുമത്തിയതിന്റെ വിവരവും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (09/27.07.2026) ലഭ്യമാക്കിയ മറുപടിയിൽ, ചുവടെ ചേർത്ത അൺ എയ്ഡഡ് സ്കൂൾ കെട്ടിടങ്ങൾക്ക് വസ്തു നികുതി ചുമത്തിയിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ക്രമ നമ്പർ	വാർഡ് നമ്പർ	കെട്ടിട ഉടമ/സ്ഥാപനം	കെട്ടിട നമ്പർ, വിസ്തീർണ്ണം
1	5	സുലൈമാൻ മുസ്ലിയാർ എടയാടൻ, പ്രസിഡന്റ് മുഹമ്മദ് മുസ്ലിയാർ കെ ടി, സെക്രട്ടറി നജാത്ത് ഇസ്ലാമിക് സെന്റർ ഉങ്ങുങ്ങൽ	5/332 താഴത്തെ നില (205ച മീ)
		സുലൈമാൻ മുസ്ലിയാർ നജാത്ത് ഇസ്ലാമിക് സെന്റർ ഉങ്ങുങ്ങൽ	5/334 താഴത്തെ നില (307ച മീ)
		സുലൈമാൻ മുസ്ലിയാർ നജാത്ത് ഇസ്ലാമിക് സെന്റർ ഉങ്ങുങ്ങൽ	5/335 താഴത്തെ നില (307ച മീ)

2	1	കെ ടി മുഹമ്മദ് കുട്ടി, വട്ടപ്പറമ്പിൽ നവഭാരത് സെൻട്രൽ സ്കൂൾ	1/86 താഴത്തെ നില (258ച മീ) ഒന്നാം നില- (258ച മീ)
3	8	സി നാരായണൻ, സെക്രട്ടറി, വ്യാസവിദ്യാനികേതൻ, വ്യാസ വിദ്യാനികേതൻ	8/153 താഴത്തെ നില-(369 ച മീ)

മേൽ കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ച് വിവരം ലഭ്യമാക്കേണ്ടതും, ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ അൺ എയ്ഡഡ് സ്കൂളുകൾക്കും വസ്തു നികുതി ഈടാക്കുന്നുണ്ടന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-17 ലേലം സംബന്ധിച്ച രേഖകളും ലേല രജിസ്റ്ററും ഹാജരാക്കിയില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം 2025-26 സാമ്പത്തിക വർഷത്തിൽ കാലഹരണപ്പെട്ട ആസ്തികൾ ലേലം ചെയ്ത വകയിൽ ₹11,200/- വരവായി ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ലേല രജിസ്റ്റർ, ലേല നടപടികളുടെ ഫയൽ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കണമെന്ന് ഓഡിറ്റ് എൻകൃയറി (നം.21/30.07.2026) മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. ഇക്കാരണത്താൽ ലേല നടപടികൾ നിയമാനുസൃതമായും സുതാര്യമായും നടത്തിയിട്ടുണ്ടോ, ലേലത്തുക ശരിയായി ഈടാക്കി അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നീ കാര്യങ്ങൾ ഓഡിറ്റിൽ ഉറപ്പുവരുത്താൻ സാധിച്ചില്ല. ഇത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

1-18 വസ്തുനികുതി പരിഷ്ക്കരണം പൂർത്തീകരിച്ചിട്ടില്ല

22.03.2023-ലെ സ.ഉ.(കൈ)നം.77/2023/LSGD. ഉത്തരവ് പ്രകാരം 2023-ലെ വസ്തുനികുതി പരിഷ്ക്കരണം പൂർത്തീകരിക്കുവാൻ പഞ്ചായത്ത് സ്വീകരിക്കേണ്ട നടപടികൾ സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കേണ്ട പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

A. ഓരോ വർഷവും വസ്തുനികുതി 5% കൂട്ടുന്നതിനായി ഡിമാൻഡ് നോട്ടീസ് ഫോറം 9(A)-യിൽ ഉടമയ്ക്ക് നൽകണം.

B. എല്ലാ കെട്ടിടങ്ങളുടെയും ഫീൽഡ് പരിശോധന പൂർത്തീകരിക്കണം.

C. പരിശോധനയ്ക്കും ഡേറ്റാ എൻട്രിയ്ക്കും ഒരു കെട്ടിടത്തിന് പരമാവധി 30/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കാം.

D. പരിശോധനയ്ക്കും ഡേറ്റാ എൻട്രി നടത്തുന്നതിനുമായി സിവിൽ ഡിപ്ലോമ, ITI ഡ്രാഫ്റ്റ്മാൻ സിവിൽ, ITI സർവ്വേയർ എന്നീ യോഗ്യതകൾ ഉള്ളവരെ നിയോഗിക്കേണ്ടതാണ്.

E. സോഫ്റ്റ്വെയറിൽ ചേർക്കുന്ന മുറയ്ക്ക് 10% കെട്ടിടങ്ങൾ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ നേരിട്ട് പരിശോധന നടത്തണം.

വസ്തുനികുതി പരിഷ്കരണം പൂർത്തീകരിക്കുവാൻ സർക്കാർ ഉത്തരവ് പ്രകാരം സ്വീകരിച്ച നടപടികളുടെ വിശദാംശം ഓഡിറ്റ് എൻകയറി (നം.11/27.07.2026) വഴി ആവശ്യപ്പെട്ടതിന് വസ്തുനികുതി പരിഷ്കരണം പൂർത്തീകരിക്കുന്നതിന് പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് നിലവിൽ പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളേയും ജി.ഐ.എസ് മാപ്പിംഗ് ചെയ്യുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയുമായി ഉടമ്പടിയിലേർപ്പെട്ട് നടപടി സ്വീകരിച്ചു വരുകയാണെന്ന് മറുപടി ലഭ്യമാക്കി. സർക്കാർ നിർദ്ദേശിച്ച നികുതി പരിഷ്ക്കരണം കുറ്റമറ്റ രീതിയിൽ പൂർത്തീകരിക്കേണ്ടതും തുടർ നടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-19 പ്ലാൻ മോണിറ്ററിംഗ് റിപ്പോർട്ടിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല

2025-26 വാർഷിക പദ്ധതിയിലെ പ്രോജക്ടുകളുടെ നടത്തിപ്പും ഫണ്ട് വിനിയോഗവും സംബന്ധിച്ച പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്വെയറായ സുലേഖ മുഖേന ജനറേറ്റ് ചെയ്യുന്ന റിപ്പോർട്ട് – ചെലവ് പത്രിക സംബന്ധിച്ച താഴെപറയുന്ന അപാകതകൾ ഉണ്ട്.

1. സോഴ്സ് ഡിഡക്ഷൻ ആയി കുറവ് ചെയ്ത തുകകൾക്ക് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെപറയും പ്രകാരം ജി.ഒ പ്രോജക്ടുകൾ തയ്യാറാക്കി ചെലവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത പ്രോജക്ടുകൾക്ക് അടങ്കൽ ആയി പൂജ്യം രൂപയാണ് ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

ക്രമ നം	പ്രൊജക്റ്റ് നം, പേര്	ചെലവ് തുക (₹)	ഫണ്ട്
1	452/26 - അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക	14,89,200	വികസന ഫണ്ട് (ജനറൽ)
2	453/26 - ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ)	9,33,325	വികസന ഫണ്ട് (ജനറൽ)
3	454/26 - ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ് സി പി)	11,85,334	വികസന ഫണ്ട് (എസ്.സി.പി)
	ആകെ	**36,07,859**	

ഒരു പ്രോജക്ടിന് തുക വകയിരുത്താതെ ചെലവ് രേഖപ്പെടുത്തുന്നത് കണക്കുകളിലെ കൃത്യത നഷ്ടപ്പെടുത്തുന്നു. അപാകത വരാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

2. സുലേഖ വെബ്സൈറ്റിൽ ഓൺലൈൻ ആയി നടത്തിയ പരിശോധനയിൽ, തൻവർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ചെലവ് നടന്നിട്ടുള്ള താഴെപറയുന്ന പ്രോജക്ടുകളുടെ സ്റ്റാറ്റസ് "Approved" എന്നതിൽ നിന്നും വ്യത്യസ്തമായി രേഖപ്പെടുത്തിയിരിക്കുന്നതിനാൽ ചെലവ് പത്രികയിൽ പ്രസ്തുത പ്രോജക്ടുകൾ രേഖപ്പെടുത്തിയിട്ടില്ലെന്ന് ബോധ്യപ്പെട്ടു.

ക്രമ നം	പ്രോജക്ട് നം., പേര്	ഫണ്ട്	അടങ്കൽ (₹)	ചെലവ് (₹)	പ്രോജക്ട് സ്റ്റാറ്റസ്
1	28/26 - സേഫ് സോൺ - പൊതു ഇടങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ (New)	വികസന ഫണ്ട് (ജനറൽ)	2,98,803	2,98,803	Project Cleared By DPC
2	232/26 - ഗ്രന്ഥശാലകളിൽ സായാഹ്ന വയോ ക്യാംപുകൾ (SO)	തനത് ഫണ്ട്	75,000	3,344	Returned For Modification (Approver)

3. വ്യക്തിഗത ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനുള്ള താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് ഗുണഭോക്താക്കൾ മുഴുവൻ ചെലവും നടത്തി രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് സബ്സിഡി മാർഗ്ഗരേഖ [സ.ഉ.(കൈ) നം. 115/2022/LSGD, തീ. 28.05.2022] പ്രകാരം അനുവദനീയമായ നിരക്കിൽ സബ്സിഡി തുക ഗ്രാമ പഞ്ചായത്ത് വിഹിതത്തിൽ നിന്നും അനുവദിക്കുന്ന രീതിയിലാണ് പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുള്ളത്. സുലേഖ ചെലവ് പത്രിക, വെബ്സൈറ്റിൽ ലഭ്യമായ വിവരങ്ങൾ, പ്രോജക്ട് പത്രികകൾ എന്നിവ പ്രകാരം പ്രസ്തുത പ്രോജക്ടുകളുടെ അടങ്കൽ/ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പ്രൊജക്റ്റ് നം, പേര്	നിർവ്വഹണ ഉദ്യോഗസ്ഥൻ	അടങ്കൽ (₹)	ചെലവ് (₹)
1	106/26 - വാഴ കൃഷിക്ക് ജൈവ വളം കുമ്മായം ഡോളമൈറ്റ് എന്നിവയുടെ വിതരണത്തിന് ധനസഹായം	കൃഷി ഓഫീസർ	12,11,985/- [വികസനഫണ്ട് - ജനറൽ : ₹4,03,995/- , ഗുണഭോക്തൃ വിഹിതം – നേരിട്ട് ചെലവഴിക്കുന്നത് : ₹8,07,990/-]	3,58,290/- [വികസനഫണ്ട് - ജനറൽ : ₹3,58,290]
2	112/26 - കാർഷിക ജലസേചന പമ്പ്	കൃഷി ഓഫീസർ	6,60,000/- [വികസനഫണ്ട് - ജനറൽ : ₹3,30,000/-, ഗുണഭോക്തൃ	93,253/- [വികസനഫണ്ട് - ജനറൽ : ₹93,253]

	സെറ്റിന് ധനസഹായം		വിഹിതം – നേരിട്ട് ചെലവഴിക്കുന്നത് : ₹3,30,000/-]	
3	224/26 - സുഭിക്ഷ കേരളം മുറ്റത്തൊരു മീൻ തോട്ടം	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	60,000/- [വികസനഫണ്ട് - ജനറൽ : ₹24,000/- , ഗുണഭോക്തൃ വിഹിതം – നേരിട്ട് ചെലവഴിക്കുന്നത് : ₹36,000/-]	16,000/- [വികസനഫണ്ട് - ജനറൽ : 16,000/-]
4	93/26 - മുട്ടക്കോഴി വിതരണം	വെറ്ററിനറി സർജൻ	7,25,800/- [വികസനഫണ്ട് - ജനറൽ : 6,70,000/-, ഗുണഭോക്തൃ വിഹിതം – നേരിട്ട് ചെലവഴിക്കുന്നത് : 55,800/-]	6,82,700/- [വികസനഫണ്ട് - ജനറൽ : 6,52,800/-, ഗുണഭോക്തൃ വിഹിതം – നേരിട്ട് ചെലവഴിക്കുന്നത് : ₹29,900/-]

സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള അനുപാതത്തിൽ ഗ്രാമപഞ്ചായത്ത് വിഹിതവും ഗുണഭോക്തൃ വിഹിതവും വകയിരുത്തി മേൽ പ്രോജക്ടുകളുടെ അടങ്കൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ക്രമ നം. 1 മുതൽ 3 വരെയുള്ള പ്രോജക്ടുകളുടെ ചെലവ് തുകയിൽ ഗ്രാമപഞ്ചായത്ത് വിഹിതത്തിൽ നിന്നുമുള്ള തുക മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ക്രമ നം. 4 പ്രകാരമുള്ള പ്രോജക്ടിന്റെ ചെലവ് (ഗ്രാമപഞ്ചായത്ത് വിഹിതം : ഗുണഭോക്തൃവിഹിതം) രേഖപ്പെടുത്തിയിട്ടുള്ളത് അടങ്കൽ വകയിരുത്തിയ അനുപാതത്തിലല്ല. ആനുപാതികമായി നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം അടങ്കലിൽ രേഖപ്പെടുത്തുകയും ചെലവിൽ കൃത്യമായി രേഖപ്പെടുത്താതിരിക്കുകയും ചെയ്യുന്നത് ഫണ്ട് വിനിയോഗം സംബന്ധിച്ച് ശരിയായ വിവരം ലഭിക്കുന്നതിന് തടസ്സം സൃഷ്ടിയ്ക്കുന്നു.
മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി നമ്പർ 26/2025-26/31.07.2026 ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ഐ.കെ.എം ന്റെ ഉൾപ്പെടെ സഹായത്തോടെ അപാകതകൾ പരിഹരിക്കുന്നതിന് നടപടിയെടുത്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

1-20 അഡ്വാൻസ് നൽകിയ തുകയ്ക്ക് HOMCO യിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ചുവടെ കൊടുക്കുന്ന പദ്ധതിയുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിനായി 3,50,000/- രൂപ HOMCOക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

പ്രോജക്ട് നം.	അടങ്കൽ	വൗച്ചർ നം,	പ്രൊഫോർമ ഇൻവോയ്സ്	ലഭ്യമായ മരുന്ന് വിശദാംശങ്ങൾ	
				(ഇൻവോയിസ് നമ്പർ)	തുക (₹)
64/26 - ഗവ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ	3,50,000 (മെയിന്റനൻസ് ഫണ്ട് റോഡിതരം)	P-G101107-25000345, 25.08.2025, ₹3,50,000/-	PF-342	LF-3376	1,13,857
				LF-3885	5,488
				LF-549	93,940
ആകെ ലഭിച്ച മരുന്ന്					**2,13,285**
ഇനി ലഭിക്കാനുള്ളത്					**1,36,715**

അവശേഷിയ്ക്കുന്ന 1,36,715/- രൂപയുടെ മരുന്നുകൾ ലഭ്യമാവാത്തത് സംബന്ധിച്ച ഓഡിറ്റ് എൻകൂയറിക്ക് (5/25.07.2026) HOMCO-യിൽ നിന്ന് ഇനിയും ലഭ്യമാകാത്ത മരുന്നുകൾ ലഭ്യമാകുന്നതിനെക്കുറിച്ച് HOMCO-യുമായി നിരന്തരം ബന്ധപ്പെടുന്നുണ്ടന്നും എത്രയും പെട്ടെന്ന് ആവശ്യപ്പെടുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് HOMCO-യിൽ നിന്നും ഉറപ്പ് നൽകിയിട്ടുണ്ടന്നും മറുപടി ലഭ്യമാക്കി. അവശേഷിയ്ക്കുന്ന 1,36,715/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 അഡ്വാൻസ് നൽകിയ തുകയ്ക്ക് ഔഷധിയിൽ നിന്നും മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ചുവടെ കൊടുക്കുന്ന പദ്ധതിയുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിനായി 6,00,000/- രൂപ ഔഷധിക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

പ്രോജക്ട് നം.	അടങ്കൽ (₹)	വൗച്ചർ നം	പ്രൊഫോർമ ഇൻവോയ്സ്	ലഭ്യമായ മരുന്ന് വിശദാംശങ്ങൾ	
				(ഇൻവോയ്സ് നമ്പർ/തീയതി	തുക (₹)

131/26 - ഗവ ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ	6,00,000 (മെയിന്റനൻസ് ഫണ്ട് റോഡിതരം)	P-G101107-25000233, തീയതി 21.08.2025, ₹6,00,000/-	PRF 238921/ 01.07.2025, ₹6,00,000/-	90393707/27.08.2025	1,98,312
				90394657/30.08.2025	95,137
				90397401/28.09.2025	1,58,771
				90406435/29.11.2025	70,914
				90410470/30.12.2025	44,179
				90414824/29.01.2026	4,303
				90426190/26.03.2026	12,919
				90429129/30.03.2026	6,181
				90434680/25.05.2026	2,830
ആകെ ലഭിച്ചത്					**5,93,546**
ഇനി ലഭിക്കാനുള്ളത്					**6,454**

അവശേഷിയ്ക്കുന്ന 6,454/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ച് വരുകയാണെന്നും മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും ഓഡിറ്റ് എൻകൗയറി നമ്പർ (നം.4/25.07.2026) ന് മറുപടിയായി മെഡിക്കൽ ഓഫീസർ അറിയിച്ചു. പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

1-22 അഡ്വാൻസ് നൽകിയ തുകയ്ക്ക് KMSCLൽ നിന്നും മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല

പ്രോജക്ട് നം, പേര്	:	31/26 – പാലിയേറ്റീവ് പരിചരണം
നിർവ്വഹണം	:	മെഡിക്കൽ ഓഫിസർ (ബി.എഫ്.എച്ച്.സി)
അടങ്കൽ	:	₹13,00,000/- (വികസന ഫണ്ട് - ജനറൽ) ₹10,00,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) ₹10,00,000/- (തനത് ഫണ്ട്) **₹33,00,000/- (ആകെ)**
ചെലവ്	:	₹13,00,000/- (വികസന ഫണ്ട് - ജനറൽ) ₹1,00,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) ₹10,00,000/- (തനത് ഫണ്ട്) **₹24,00,000/- (ആകെ)**

2025-26 വർഷത്തിൽ മെഡിക്കൽ ഓഫീസർ (ബി.എഫ്.എച്ച്.സി) നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി മരുന്നുകൾ വാങ്ങുന്നതിനായി KMSCLന് തുക മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ബിൽ/വൗച്ചർ നം, ഫണ്ട്, ആകെ ബിൽ തുക	തുക (₹)	പ്രൊഫോർമ ഇൻവോയ്സ് നം.	ആകെ ലഭിച്ച മരുന്നുകളുടെ വില		ശേഷിക്കുന്ന മരുന്നുകളുടെ വില (₹)
				ഇൻവോയ്സ് നം.	മരുന്ന് വില (₹)	
1	വൗച്ചർ നം: P-G101107-25000340/ 24.09.25, വികസന ഫണ്ട് - ജനറൽ, ₹4,50,000/-	4,50,000	PRF561/ 01.08.25	2614/01.12.25	45,778	40,453
				3131/06.01.26	85,793	
				4084/19.03.26	52,743	
				4086/19.03.26	94,639	
				4088/19.03.26	45,675	
				579/29.05.26	84,919	
				ആകെ	**4,09,547**	
2	വൗച്ചർ നം: P-G101107-25000396 /24.10.25, വികസന ഫണ്ട് - ജനറൽ, ₹2,50,000/-	2,50,000	PRF1090/ 19.09.25	812/19.06.26	1,16,307	1,33,693
				ആകെ	**1,16,307**	
3	BRN: 25150652035301430497/ 07.03.26, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ₹1,00,000/-	1,00,000	PRF2735/ 21.02.26	ലഭ്യമായിട്ടില്ല		1,00,000
				ആകെ	**0**	
4	വൗച്ചർ നം: P-G101107-25000870/ 06.03.26,തനത് ഫണ്ട്, ₹2,64,000/-	2,64,000	PRF2819/ 25.02.26	ലഭ്യമായിട്ടില്ല		2,64,000
				ആകെ	**0**	
5	വൗച്ചർ നം: P-G101107-25000951 /26.03.26,തനത് ഫണ്ട്, ₹14,247/-	12,000	PRF3397/ 23.03.26	ലഭ്യമായിട്ടില്ല		12,000
				ആകെ	**0**	
	ആകെ	**10,76,000**			**5,25,854**	**5,50,146**

അവശേഷിയ്ക്കുന്ന 5,50,146/- രൂപയുടെ മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് ഓഡിറ്റ് എൻകൗയറി നമ്പർ 18/2025-26/29.07.2026 ന് ലഭ്യമാക്കുന്നതാണെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു. പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

1-23 മെൻസ്ട്രുവൽ കപ്പ് - വിതരണം പൂർത്തിയാക്കിയില്ല

പ്രോജക്ട് നം, പേര്	:	57/26 – മെൻസ്ട്രുവൽ കപ്പ് വിതരണം
നിർവ്വഹണം	:	മെഡിക്കൽ ഓഫിസർ (ബി.എഫ്.എച്ച്.സി)
അടങ്കൽ	:	₹3,00,000/- (വികസന ഫണ്ട് - ജനറൽ)
ചെലവ്	:	₹1,10,809/- (വൗച്ചർ നം. P-G101107-25000465/13.11.2025)
തുക കൈപ്പറ്റിയത്	:	എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡ്, തിരുവനന്തപുരം (ഇൻവോയ്സ് നം. 9423060531/14.10.2025, ₹1,10,809)

വനിതകൾക്ക് 100% സബ്സിഡിയിൽ വിതരണം ചെയ്യുന്നതിനായി മേൽ പ്രോജക്ട് പ്രകാരം 394 മെൻസ്ട്രുവൽ കപ്പുകൾ പൊതുമേഖലാ സ്ഥാപനമായ എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡിൽ നിന്നും വാങ്ങിയിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപറയുന്ന അപാകതകൾ നിരീക്ഷിച്ചു.

1. ലഭ്യമാക്കിയ വിതരണ രേഖകൾ പ്രകാരം 394 പേരുള്ള ഗുണഭോക്തൃ ലിസ്റ്റിലെ 342 പേരാണ് മെൻസ്ട്രുവൽ കപ്പ് കൈപ്പറ്റിയതായി രേഖപ്പെടുത്തി ഒപ്പിട്ടിട്ടുള്ളത്. അവശേഷിക്കുന്ന 52 മെൻസ്ട്രുവൽ കപ്പുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

2. ലഭ്യമാക്കിയ വിതരണ രേഖകൾ പ്രകാരം മെൻസ്ട്രുവൽ കപ്പുകൾ കൈപ്പറ്റാൻ അവശേഷിക്കുന്ന 52 പേരിൽ, ലഭിച്ച സൈസ് അല്ല വേണ്ടതെന്ന കാരണത്താൽ 3 പേരും, ആവശ്യമില്ലെന്ന കാരണത്താൽ 3 പേരും, മുൻപ് ലഭിച്ചിട്ടുണ്ടെന്ന കാരണത്താൽ ഒരാളും മെൻസ്ട്രുവൽ കപ്പ് തിരികെ നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റിൽ ഓരോ ഗുണഭോക്താവിനും ആവശ്യമായ സൈസ് ഉൾപ്പെടെയുള്ള വിവരങ്ങൾ ശേഖരിച്ചതിന്റെ അടിസ്ഥാനത്തിലാണ് സ്മോൾ (26 എണ്ണം), മീഡിയം (143 എണ്ണം), ലാർജ് (225 എണ്ണം) സൈസുകളിലായി ആകെ 394 മെൻസ്ട്രുവൽ കപ്പുകൾ വാങ്ങിയത് എന്നിരിക്കെയാണ് ഇത്തരത്തിൽ വിതരണം ചെയ്യാൻ കഴിയാതിരുന്ന സാഹചര്യം ഉണ്ടായിട്ടുള്ളത്.

അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൗയറി നമ്പർ 19/2025-26/29.07.2026 ന് നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിതരണ രേഖകൾ ലഭ്യമല്ലാത്ത 52 മെൻസ്ട്രുവൽ കപ്പുകളിൽ 29 എണ്ണം ആശ വർക്കർ മുഖേന ഗുണഭോക്താക്കളുടെ വീടുകളിൽ എത്തിച്ച് വിതരണം ചെയ്തിട്ടുണ്ടെന്നും ആധാർ കാർഡ് പകർപ്പിൽ ഒപ്പിട്ട് വാങ്ങിയിട്ടുണ്ടെന്നും മറുപടിയിൽ അറിയിച്ചു. 23 മെൻസ്ട്രുവൽ കപ്പുകൾ വിതരണം ചെയ്തിട്ടില്ലെന്നും, പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരത്തോടെ പുതിയ ഗുണഭോക്താക്കളെ കണ്ടെത്തി ആയവ വിതരണം ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നടപടികൾ പൂർത്തിയാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

അംഗീകരിക്കപ്പെട്ട ഗുണഭോക്താക്കളെ എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡ് നടത്തിയ ബോധവത്കരണ

ക്ലാസിൽ പങ്കെടുപ്പിച്ചതിന് ശേഷമാണ് ഓരോ ഗുണഭോക്താക്കൾക്കും അവരുടെ ആവശ്യകത സംബന്ധിച്ച കൃത്യമായ അവബോധം ലഭിച്ചതെന്നും, ഇതിനെ തുടർന്നാണ് സൈസ് വ്യത്യാസം കാണിച്ച് കൈപ്പറ്റാൻ വിസമ്മതം കാണിച്ചതെന്നും മറുപടിയിൽ ബോധിപ്പിച്ചിട്ടുണ്ട്. ബോധവത്കരണ ക്ലാസ് നടത്തിയതിന് ശേഷം മാത്രം ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയിരുന്നെങ്കിൽ ആവശ്യകത സംബന്ധിച്ച കൃത്യമായ വിവരം ലഭിക്കുമായിരുന്നെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.
ഭാവിയിൽ, ആവശ്യകത കൃത്യമായി നിർണയിച്ചതിന് ശേഷം വാങ്ങലുകൾ നടത്തുന്നതിനും, വിതരണ രേഖകൾ കൃത്യതയോടെ സൂക്ഷിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. വിതരണം പൂർത്തിയാക്കി രേഖകൾ ലഭ്യമാക്കുന്നതുവരെ 23 മെൻസ്ട്രുവൽ കപ്പുകളുടെ വില 6,469/- രൂപ (23 X ₹281.24 റൗണ്ട് ചെയ്തത്) തടസ്സത്തിൽ വെയ്ക്കുന്നു.

1-24 പാലിയേറ്റീവ് പരിചരണം - വാഹന വാടക നൽകിയതിലെ അപാകതകൾ

പ്രോജക്ട് നം, പേര്	:	31/26 – പാലിയേറ്റീവ് പരിചരണം
നിർവ്വഹണം	:	മെഡിക്കൽ ഓഫിസർ (ബി.എഫ്.എച്ച്.സി)
അടങ്കൽ	:	₹13,00,000/- (വികസന ഫണ്ട് - ജനറൽ) ₹10,00,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) ₹10,00,000/- (തനത് ഫണ്ട്) **₹33,00,000/- (ആകെ)**
ചെലവ്	:	₹13,00,000/- (വികസന ഫണ്ട് - ജനറൽ) ₹1,00,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) ₹10,00,000/- (തനത് ഫണ്ട്) **₹24,00,000/- (ആകെ)**

മെഡിക്കൽ ഓഫീസർ (ബി.എഫ്.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രോജക്ടിന്റെ ഭാഗമായി ഗൃഹസന്ദർശനം നടത്തുന്നതിനായി ദിവസ വാടക 1,100/- രൂപ നിരക്കിൽ വാഹനം വാടകക്ക് എടുത്തിട്ടുണ്ട്. ഓഡിറ്റ് വർഷം വാടക ഇനത്തിൽ ആകെ 2,91,500/- രൂപ കരാറുകാരന് (ശ്രീ. അസ്സൈൻ) താഴെ പറയും പ്രകാരം നൽകിയിട്ടുണ്ട്.

ക്രമ നം.	വൗച്ചർ നം, തീയ്യതി, ഫണ്ട്, ആകെ തുക	വാഹന വാടക നൽകിയ തുക (₹)
1	P-G101107-25000104/30.06.25, വികസന ഫണ്ട് - ജനറൽ, ₹82,148/-	24,200

2	P-G101107-25000135/10.07.25, വികസന ഫണ്ട് - ജനറൽ, ₹1,68,664/-	44,000
3	P-G101107-25000210/08.08.25, വികസന ഫണ്ട് - ജനറൽ, ₹84,480/-	22,000
4	P-G101107-25000302/30.08.25, വികസന ഫണ്ട് - ജനറൽ, ₹93,100/-	23,100
5	P-G101107-25000318/12.09.25, വികസന ഫണ്ട് - ജനറൽ, ₹82,900/-	20,900
6	P-G101107-25000412/31.10.25, വികസന ഫണ്ട് - ജനറൽ, ₹73,540/-	23,100
7	P-G101107-25000436/05.11.25, തനത് ഫണ്ട്, ₹1,01,716/-	23,100
8	P-G101107-25000572/22.12.25, തനത് ഫണ്ട്, ₹89,308/-	22,000
9	P-G101107-25000617/16.01.26, തനത് ഫണ്ട്, ₹75,000/-	23,100
10	P-G101107-25000761/09.02.26, തനത് ഫണ്ട്, ₹1,01,640/-	23,100
11	P-G101107-25000906/13.03.26, തനത് ഫണ്ട്, ₹84,812/-	20,900
12	P-G101107-25000968/24.03.26, തനത് ഫണ്ട്, ₹96,600/-	22,000
	ആകെ	**2,91,500**

വാഹന വാടക നൽകിയതിൽ താഴെ പറയുന്ന അപാകതകൾ ഉണ്ട്. അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറി നമ്പർ 20/2025-26/29.07.2026 ന് നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ മറുപടി വിവരം ചുവടെ കൊടുക്കുന്നു.

1. <u>വാഹന വാടകയിൽ നിന്നും ആദായ നികുതി TDS ഈടാക്കിയില്ല</u>

ഒരു കരാർ പ്രകാരം അനുവദിക്കുന്ന തുക ഒറ്റത്തവണ 30,000/- രൂപയ്ക്ക് മുകളിൽ ആണെങ്കിലോ / ഒരു വർഷത്തിൽ ആകെ അനുവദിക്കുന്ന തുക 1,00,000/- രൂപക്ക് മുകളിൽ ആണെങ്കിലോ Income Tax Act , Sec. 194 C പ്രകാരം, അനുവദിക്കുന്ന തുകയിൽ നിന്നും 1% TDS കുറവ് ചെയ്യേണ്ടതും ആദായ നികുതി വകുപ്പിൽ അടവാക്കേണ്ടതുമായിരുന്നു. എന്നാൽ മെഡിക്കൽ ഓഫീസർ ആദായ നികുതി ഈടാക്കാതെ മുഴുവൻ തുകയും

കരാറുകാരന് നൽകിയിരിക്കുകയാണ്. സമാനമായ അപാകത 2024-25 വർഷ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിരുന്നതാണ്. ഭാവിയിൽ, ആദായ നികുതി TDS ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് അതത് വാർഷിക ഓഡിറ്റുകളിൽ പരിശോധിക്കുന്നതാണ്.

2. <u>അധികമായി വാഹന വാടക നൽകി</u>

മേൽ പട്ടികയിലെ ക്രമ നം. 11 പ്രകാരം 02/2026 മാസത്തെ വാഹന വാടക കരാറുകാരന് നൽകിയിട്ടുണ്ട്. ഗൃഹ സന്ദർശന രജിസ്റ്റർ, വൗച്ചർ അബ്സ്ട്രാക്ട്, ട്രിപ്പ് ഷീറ്റ് എന്നിവ പ്രകാരം തൻമാസത്തിൽ ആകെ 18 ദിവസമാണ് ഗൃഹസന്ദർശനം നടത്തുന്നതിന് പ്രസ്തുത വാഹനം ഉപയോഗിച്ചിട്ടുള്ളത്. ഇതിന് 18 * ₹1,100 = ₹19,800/- രൂപയാണ് വാടക നൽകേണ്ടത് എന്നിരിക്കെ 20,900/- രൂപയാണ് കരാറുകാരന് നല്കിയിട്ടുള്ളത്. ക്ലെറിക്കൽ പിഴവ് മൂലം 1,100/- രൂപ അധികമായി നൽകാൻ ഇടയായതാണെന്നും, പ്രസ്തുത തുക നടപ്പു വർഷത്തെ പ്രൊജക്ടിൽ വാഹന വാടക നൽകുന്ന ബില്ലിൽ കുറവ് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നടപടി സ്വീകരിച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കേണ്ടതും, അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

<u>1-25 വയോജന ഉല്ലാസയാത്ര – സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്ക് വിരുദ്ധം</u>

പ്രോജക്ട് നം, പേര്	:	71/26 – വയോജന ഉല്ലാസയാത്ര
നിർവ്വഹണം	:	ഐ.സി.ഡി.എസ്. സൂപ്പർവൈസർ
അടങ്കൽ	:	₹1,25,000/- (വികസന ഫണ്ട് - ജനറൽ)
ചെലവ്	:	₹78,200/- (വൗച്ചർ നം. P-G101107-25000379/10.10.2025)

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പിലാക്കിയ മേൽ പ്രോജക്ട് പ്രകാരം 190 വയോജന ഗുണഭോക്താക്കളും 16 വളണ്ടിയർമാരും ഉൾപ്പെടെ ആകെ 206 പേരുമായി 23.09.2025 തീയതിയിൽ തിരൂർ കൂട്ടായി അഴിമുഖം, നൂർ ലേയ്ക്ക്, തുഞ്ചൻപറമ്പ് എന്നിവിടങ്ങളിലേക്ക് ഉല്ലാസയാത്ര നടത്തിയതിനായി താഴെപറയുന്ന ഇനങ്ങളിലായി ആകെ 78,200/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ക്രമ നം	തുക (₹)	തുക കൈപ്പറ്റിയ സ്ഥാപനം	റിമാർക്സ്
1	36,000	പുറ്റേക്കാട്ട് ഹോളിഡേയ്സ്, പടിക്കൽ	ബസ് (4 എണ്ണം) വാടക
2	36,000	എയർവേ കാറ്ററിംഗ്, പടിക്കൽ	ഭക്ഷണം

3	4,400	ഫോക്സിയോം ക്രിയേഷൻസ്, കാക്കഞ്ചേരി	തൊപ്പി (200 എണ്ണം)
4	1,800	പ്രിന്റ് ഹൗസ്, പറമ്പിൽപീടിക	ബാനർ (4 എണ്ണം)
ആകെ	**78,200**		

സ.ഉ.(കൈ) നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ (ക്രമ നം. 7.1.14) ഉല്ലാസയാത്ര ഉൾപ്പെട്ടിട്ടില്ല. വയോജനങ്ങൾക്ക് ഉല്ലാസയാത്ര പോകുന്നതിനുള്ള പ്രോജക്ട് നടപ്പാക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിനും മാർഗ്ഗരേഖയിൽ കൂട്ടിച്ചേർക്കുന്നതിനുമുള്ള കോഡൂർ ഗ്രാമ പഞ്ചായത്തിന്റെ ആവശ്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 21.08.2025ലെ യോഗ തീരുമാന നമ്പർ 4.40 പ്രകാരം നിരസിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനം അന്തിമമാണെന്ന് പൂക്കോട്ടൂർ, മൊറയൂർ ഗ്രാമ പഞ്ചായത്തുകളിലെ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ കത്തിന് 27.09.2025 തീയതിയിൽ നൽകിയ മറുപടിയിൽ മലപ്പുറം ജില്ലാ കളക്ടർ വ്യക്തമാക്കിയിട്ടുമുണ്ട്.
സബ്സിഡി മാർഗ്ഗരേഖയ്ക്കും കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിനും വിരുദ്ധമായി വയോജന ഉല്ലാസയാത്ര പ്രോജക്ട് നടപ്പാക്കിയതിന്മേൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നമ്പർ 25/2025-26/31.07.2026ന് നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
സ.ഉ.(കൈ.) നം. 84/2022/ത.സ്വ.ഭ.വ, തീയതി 19.04.2022 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.5(2) പ്രകാരം "വയോജനങ്ങൾക്ക് ശാരീരിക-മാനസിക, സാംസ്കാരിക പിന്തുണാ സംവിധാനവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന പ്രോജക്ടുകൾക്ക് മുൻഗണന നൽകണം" എന്ന് പറയുന്നതിന്റെയും, വയോജന ഗ്രാമസഭയിൽ പങ്കെടുത്തവർ ആവശ്യം ഉന്നയിച്ചതിന്റെയും അടിസ്ഥാനത്തിലാണ് മേൽ പ്രോജക്ട് പ്രകാരം വയോജന ഉല്ലാസ യാത്ര സംഘടിപ്പിച്ചതെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. പല കാരണങ്ങളാൽ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും മാറ്റി നിർത്തപ്പെടുന്ന വയോജനങ്ങൾക്ക് മാനസിക പിന്തുണയും മാനസികോല്ലാസവും നൽകുന്നതിനായി എല്ലാ വിധ സുരക്ഷാ മുന്നൊരുക്കങ്ങളോടും കൂടിയാണ് ഈ യാത്ര നടത്തിയതെന്നും, പ്രോജക്ട് അതിന്റെ നേട്ടം കൈവരിച്ചിട്ടുണ്ടെന്നും ഇതുമൂലം യാതൊരു സാമ്പത്തിക നഷ്ടവും വന്നിട്ടില്ലെന്നും മറുപടിയിൽ പറയുന്നു. മുൻവർഷങ്ങളിൽ ഈ പ്രോജക്ട് നടപ്പിലാക്കിയപ്പോൾ ഓഡിറ്റ് ഒബ്ജക്ഷനുകൾ ലഭിച്ചിട്ടില്ലെന്നും, ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെയും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ മേൽനോട്ടത്തിലുമാണ് മേൽ പ്രോജക്ട് നടപ്പിലാക്കിയതെന്നും മറുപടിയിൽ ബോധിപ്പിച്ചിട്ടുണ്ട്.
പ്രോജക്ട് രേഖകളും മറുപടിയും പരിഗണിച്ച് മേൽ പ്രോജക്ടിന്റെ ഉദ്ദേശ്യശുദ്ധിയെ മാനിക്കുന്നു. എന്നിരുന്നാലും, മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നടത്തിയ പ്രോജക്ട് ചെലവ് സംബന്ധിച്ച് സർക്കാർ തീരുമാനം ലഭ്യമാക്കേണ്ടതാണ്. ആയതുവരെ, മേൽ പ്രോജക്ട് പ്രകാരമുള്ള 78,200/- രൂപയുടെ ചെലവ് തടസത്തിൽ വെയ്ക്കുന്നു.

1-26 ഉങ്ങുങ്ങൽ അങ്കണവാടി - പുതിയ കെട്ടിടം നാളിതു വരെ

പ്രവർത്തനസജ്ജമാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച ഉങ്ങുങ്ങൽ അങ്കണവാടി കെട്ടിടം നാളിതു വരെ പ്രവർത്തനസജ്ജമാക്കിയിട്ടില്ല. അങ്കണവാടിക്ക് വേണ്ടി നിർമ്മിച്ച കെട്ടിടം ഉപയോഗപ്പെടുത്താൻ വാതിൽ, ജനൽ എന്നിവയുടെ പൊളിവെയ്പ്പ്, സാനിറ്റേഷൻ വർക്ക്സ്, പെയിന്റിംഗ്, ചുറ്റുമതിൽ തുടങ്ങിയ പ്രവൃത്തികളും വൈദ്യുതി, വെള്ളം എന്നീ അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തേണ്ടതുണ്ട്. കെട്ടിടം ഉപയോഗപ്പെടുത്തുന്നതിന് അനിവാര്യമായ എല്ലാ പ്രവൃത്തികളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതെ ലഭ്യമായ ഫണ്ടിനനുസരിച്ച് ഭാഗികമായ പ്രവൃത്തികൾ മാത്രം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തുകയും ചെയ്തത് മൂലമാണ് വർഷങ്ങൾ പിന്നിട്ടിട്ടും അങ്കണവാടി നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടം ഉപയോഗപ്പെടുത്താനാവാത്ത സാഹചര്യമുണ്ടായിട്ടുള്ളത്. മേൽ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിച്ചെങ്കിൽ മാത്രമേ നിർമ്മിച്ച കെട്ടിടം അങ്കണവാടിക്കായി പ്രയോജനപ്പെടുത്താൻ സാധിക്കുകയുള്ളുവെന്ന് 31.07.2026 ന് ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു.
കെട്ടിട നിർമ്മാണത്തിനായുള്ള നാളിതു വരെയുള്ള ചെലവ് വിവരം ചുവടെ കൊടുക്കുന്നു.

പ്രോജക്ടിന്റെ പേരും വിശദാംശങ്ങളും	നൽകിയ ബിൽ തുക (₹)	വൗച്ചർ നം./ തീയതി
ഉങ്ങുങ്ങൽ അങ്കണവാടി നിർമ്മാണം പ്രോജക്ട് നം. 259/24, 251/25 (സ്പിൽഓവർ) അടങ്കൽ - ₹26,00,000/- TS – ₹25,94,000/- TS നമ്പർ - 91085/2023-24/11.01.2024 കരാറുകാരൻ- ശ്രീ. പി. അബ്ദുൽ അസീസ് എഗ്രിമെന്റ് - 57/14.3.2024	4,98,896 (പാർട്ട് ബിൽ)	22400419/03.10.2024
	2,23,132 (പാർട്ട് ബിൽ)	22401208/29.03.2025
	5,01,104 (പാർട്ട് ബിൽ)	22401228/29.03.2025
ഉങ്ങുങ്ങൽ അങ്കണവാടി നിർമ്മാണം പ്രോജക്ട് നം.277/26 (സ്പിൽ ഓവർ)	3,76,868	P-G101107-25000929/21.03.2026
ആകെ	**16,00,000**	

മൊത്തം 25,10,487 രൂപയുടെ പ്രവൃത്തി മൂല്യ നിർണ്ണയം ചെയ്ത് ബിൽ സമർപ്പിച്ചുവെങ്കിലും 16 ലക്ഷം രൂപ മാത്രമാണ് കെട്ടിട നിർമ്മാണത്തിനായി നാളിതു വരെ ചെലവ് വന്നിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചെങ്കിലും പ്രവൃത്തിക്ക് വകയിരുത്തിയ ജില്ലാ പഞ്ചായത്ത് വിഹിതം ലഭിക്കാത്തതിനാൽ കരാറുകാരന് മുഴുവൻ ബിൽ തുകയും അനുവദിച്ചിട്ടില്ല.
മേൽ അങ്കണവാടി കെട്ടിടത്തിൽ ഇലക്ട്രിഫിക്കേഷൻ, സാനിറ്റേഷൻ വർക്ക്സ് എന്നിവ പൂർത്തീകരിക്കുന്നതിനും വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതും ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമാക്കി കരാറുകാരന് ബിൽ തുക പൂർണ്ണമായി നൽകേണ്ടതുമാണ്. കെട്ടിടം പ്രയോജനപ്രദമാകാത്ത സാഹചര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

1-27 മൂല്യ നിർണ്ണയ തുകയിൽ അധികമായി തുക പിൻവലിച്ചു. ഓഡിറ്റ് എൻകൗയറിയെ തുടർന്ന് തുക തിരിച്ചടവാക്കി

ഗ്രാമ പഞ്ചായത്തിന്റെ 2025-26 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടിൽ പ്രവൃത്തി മൂല്യ നിർണ്ണയം ചെയ്ത തുകയേക്കാൾ അധികരിച്ച തുക പിൻവലിച്ച് കരാറുകാരന് നൽകി.
വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് വിശദാംശങ്ങൾ	മൂല്യ നിർണ്ണയ തുക (₹)	പിൻവലിച്ച തുക (₹)	ബിൽ/ വൗച്ചർ നം.
കോഴിശ്ശേരി വളപ്പിൽ പരപ്പിൽ റോഡ് കോൺക്രീറ്റിംഗ് പ്രോജക്ട് നമ്പർ - 310/26 TS- ₹5,00,000/- TS NO. TS/96440/2024/ 10.12.2024 ഫണ്ട് : തനത് കരാറുകാരൻ- ശ്രീ. സിറാജ് .ഒ എഗ്രിമെന്റ്- AE/PVLR/49/2024-25/ 29.01.2025	4,17,198 (+) GST 75,096 = 4,92,294	2,26,800 (കരാറുകാരന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തു)	BRN 241506520348 01560816/17.03.2025
		20,000 (നികുതികൾ കുറച്ച് 3,312/- രൂപ കരാറുകാരന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തു)	Sanction Order No. 724/22.3.2025
		2,51,962 (കരാറുകാരന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തു)	വൗച്ചർ നം. G 101107-25000024/01.07.2025

ആകെ		**4,98,762**	
അധികം		**6,468**	

നികുതിയടക്കം മേൽ പ്രവൃത്തിയുടെ ചെലവ് 4,92,294/- രൂപയാണ്. ആയതിൽ നിന്നും നികുതി തുകകൾ (IT – ₹4,172, GST - ₹8,344, KCWWF - ₹4,172) എന്നിവ കുറച്ച് 4,75,606/- രൂപയാണ് കരാറുകാരന് നൽകേണ്ടത്. എന്നാൽ കരാറുകാരന് മേൽ പ്രകാരം 4,82,074/- രൂപ (₹2,26,800 + ₹3,312 + ₹2,51,962) നൽകിയിട്ടുണ്ട്. അധികം നൽകിയ 6,468/- രൂപ ഓഡിറ്റ് എൻകൃയറിയെ തുടർന്ന് രശീതി നം. R-G 101107-26002917/30.07.2026 പ്രകാരം ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടവാക്കി.
ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

1-28 ഷീ ബസ്-വനിതകൾക്ക് സൗജന്യ യാത്രാ ബസ് - പദ്ധതിയുടെ ഫലപ്രാപ്തിയും പ്രായോഗികക്ഷമതയും ഉറപ്പ് വരുത്തിയിട്ടില്ല

പ്രോജക്ട്- ഷീ ബസ്- വനിതകൾക്ക് സൗജന്യ യാത്രാ ബസ്
പ്രോജക്ട് നമ്പർ- 229/26 (സ്പിൽ ഓവർ- 180/25)
അടങ്കൽ- 15 ലക്ഷം
ഫണ്ട് - പ്ലാൻ (ജനറൽ)
നിർവ്വഹണം - സെക്രട്ടറി

പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിലെ ബസ് സർവീസ് നിലവിലില്ലാത്ത പ്രദേശങ്ങൾക്ക് മുൻഗണന നൽകി വീടുകളിൽ നിന്നും ദൂരെയുള്ള സ്ഥലങ്ങളിൽ ജോലിക്ക് പോകുന്ന വനിതകളുടേയും സ്കൂൾ വിദ്യാർത്ഥിനികളുടേയും വനിതകളായ മറ്റ് യാത്രക്കാരുടേയും സൗകര്യാർത്ഥം ആഴ്ചയിൽ 6 ദിവസം സൗജന്യ മിനി ബസ് സർവ്വീസ് ഏർപ്പെടുത്തുന്നതിനാണ് മേൽ പ്രോജക്ട് ആവിഷ്ക്കരിച്ചിട്ടുള്ളത്. സാധാരണ വീട്ടമ്മമാർക്ക് സുരക്ഷിതമായി യാത്ര ചെയ്യുന്നതിനും അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നതിലൂടെ സ്ത്രീ പദവി ഉയർത്തുക എന്ന ലക്ഷ്യവും പദ്ധതി മുന്നോട്ട് വെക്കുന്നുണ്ട്.
24.08.2024 ന് ചേർന്ന നൂതന പ്രോജക്ടുകൾക്കായുള്ള ജില്ലാ തല വിദഗ്ധ സമിതിയുടെ യോഗത്തിൽ പ്രോജക്ടിന് അംഗീകാരം നൽകിയിട്ടുണ്ട്.(നം. DPO-MLP/DPC/40/2024-RA1, Dt- 24.08.2024). സ്ത്രീകൾക്ക് പ്രയോജനകരമാകുന്ന രീതിയിൽ ആരോഗ്യ വിദ്യാഭ്യാസ സാമൂഹിക മേഖലയിലെ ബോധവൽക്കരണത്തിന് ഉതകുംവിധം വാഹനത്തിൽ ഡിജിറ്റൽ ബോധവൽക്കരണ ഉപാധികൾ സ്ഥാപിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുന്നത് ഉചിതമായിരിക്കുമെന്ന് ജില്ലാ വിദഗ്ധ സമിതി അംഗങ്ങൾ അഭിപ്രായപ്പെടുകയും ആയതിന്റെയടിസ്ഥാനത്തിൽ വിദ്യാഭ്യാസം, ആരോഗ്യം, വ്യക്തി ശുചിത്വം, സ്ത്രീജന്യരോഗങ്ങൾ, വാക്സിനേഷൻ, ഡിജിറ്റൽ ലിറ്ററസി, പഞ്ചായത്തിന്റെ വനിതാ ഘടക പദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ, വിദ്യാർത്ഥികൾക്കുള്ള വിവിധതരം സ്കോളർഷിപ്പുകൾ തുടങ്ങിയ സ്ത്രീകൾക്ക് ഉപകാരപ്രദമായ വിഷയങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിന് സഹായകരമാകുന്ന ഉപാധികൾ വാഹനത്തിൽ ക്രമീകരിക്കണമെന്ന് നിർദ്ദേശിച്ച് വനിതകളുടെ

ബോധവൽക്കരണത്തിനും ശാക്തീകരണത്തിനും ഉതകുന്ന രീതിയിൽ പരീക്ഷണാടിസ്ഥാനത്തിൽ ടി പദ്ധതി നടപ്പിലാക്കാമെന്ന നിബന്ധനയോടെയാണ് പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുള്ളത്. ടി- പദ്ധതിയുടെ പ്രായോഗികക്ഷമതയും വിജയ പരാജയങ്ങളും വിലയിരുത്തി മാത്രം ഇത്തരം പദ്ധതികൾ ഭാവിയിൽ പരിഗണിച്ചാൽ മതിയെന്നും ജില്ലാ തല വിദഗ്ധ സമിതി അറിയിച്ചിട്ടുണ്ട്.
നൂതന പ്രോജക്ടുകൾക്കായുള്ള ജില്ലാ തല സമിതിയുടെ അംഗീകാരത്തെതുടർന്ന് ഗ്രാമ പഞ്ചായത്തിന്റെ 14.10.2024 ലെ 1/9 നമ്പർ തീരുമാന പ്രകാരം പ്രോജക്ട് അംഗീകരിക്കുകയും 11.12.2024 ലെ 2/1 നമ്പർ തീരുമാന പ്രകാരം ഇ- ടെണ്ടർ ക്ഷണിക്കുന്നതിന് തീരുമാനിക്കുകയും 04.02.2025 ന് ടെണ്ടർ നടപടി ആരംഭിക്കുകയും ചെയ്തു. ബസിൽ മിനിമം 20 സീറ്റ് ഉണ്ടായിരിക്കണമെന്നും ഗ്രാമ പഞ്ചായത്ത് നൽകുന്ന റൂട്ട് ഷെഡ്യൂൾ പ്രകാരം സർവീസ് നടത്തണമെന്നും ഒരു കി.മീ. നുള്ള ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തണമെന്നും ടെണ്ടർ നോട്ടീസിൽ വ്യക്തമാക്കിയിരുന്നു. ഇ ടെണ്ടർ ചെയ്തതിൽ രണ്ട് ടെണ്ടറുകൾ ലഭിക്കുകയും ഏറ്റവും കുറവ് ക്വാട്ട് ചെയ്ത സ്മാർട്ട് ട്രേഡേഴ്സ് (ബിഡ് ഐ.ഡി-2124599) ന്റെ ₹65/കി.മീ. എന്ന നിരക്ക് ഭരണ സമിതിയുടെ 01.03.2025 ലെ 2/1 നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു. മേൽ സ്ഥാപനത്തിന്റെ KL 65 T-7324 നമ്പർ മിനി ബസാണ് സർവീസ് നടത്തുന്നതിന് ഏർപ്പെടുത്തിയത്. 07.03.2025 ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും സ്മാർട്ട് ട്രേഡേഴ്സ് ന്റെ പ്രൊപ്രൈറ്റർ ശ്രീ. അബ്ദുൽ ഖാദർ കാട്ടീരി എന്നവരുമായി കരാറിലേർപ്പെടുകയും ചെയ്തു. ഗ്രാമ പഞ്ചായത്തിന്റെ 17.09.2025 ലെ 1/20 നമ്പർ തീരുമാന പ്രകാരം സർവീസ് നടത്തേണ്ട റൂട്ട് അംഗീകരിക്കുകയും 28.09.2025 ന് ബസ് സർവീസ് ആരംഭിക്കുകയും ചെയ്തു. വാഹനം സർവീസ് നടത്തിയതിന് കരാറുകാരനായ ശ്രീ. അബ്ദുൽ ഖാദറിന് ചുവടെ ചേർത്തിട്ടുള്ള വിധം തുക നൽകിയിട്ടുണ്ട്.

സർവീസ് നടത്തിയ കാലയളവ്	സർവീസ് നടത്തിയ ദിവസങ്ങൾ	ഓടിയ കി.മീ.	നൽകിയ തുക	വൗച്ചർ നമ്പർ
28.09.2025-29.10.2025	24	2,738	2,738* ₹65 = ₹1,77,970	P-G-101107-25000536/ 29.11.2025
30.10.2025-29.11.2025	27	3,248	3,248* ₹65 = ₹2,11,120	P-G-101107-25000620/ 16.1.2026
01.12.2025-31.12.2025	23	2,705	2,705* ₹65 = ₹1,75,825	P-G-101107-25000777/ 10.2.2026
01.01.2026-31.01.2026	26	3,129	3,129* ₹65 = ₹2,03,385	P-G-101107-25000944/ 19.3.2026

02.02.2026-28.02.2026	21	2,580	2,580* ₹65 = ₹1,67,700	P-G-101107-25001007/ 23.3.2026
ആകെ	**121**	**14,400**	**9,36,000**	

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ കണ്ടെത്തി.
1. ബസിന്റെ ഫിറ്റ്നസ്, സീറ്റിംഗ് കപ്പാസിറ്റി, സുരക്ഷാ ക്രമീകരണങ്ങൾ എന്നിവ ട്രാൻസ്പോർട്ട് അതോറിറ്റി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2. വാഹനത്തിന് Contract Carriage അനുമതി ലഭിച്ചതിന്റെ രേഖയില്ല.
3. ബസിൽ ജി.പി.എസ്. സ്ഥാപിക്കുന്നതിന് കരാറിൽ വ്യവസ്ഥയുണ്ടായിരുന്നു. എന്നാൽ ജി.പി.എസ്. ഉപകരണം സ്ഥാപിച്ചിട്ടുണ്ടെങ്കിലും പലപ്പോഴും സിഗ്നൽ ലഭിക്കാത്തതിനാൽ ജി.പി.എസ് റിപ്പോർട്ടിന്റെയടിസ്ഥാനത്തിലല്ല ഓടിയ കി.മീ. നിശ്ചയിച്ചിട്ടുള്ളത്. ഇക്കാരണത്താൽ സർവീസ് നടത്തിയ സ്ഥലം, ദൂരം എന്നിവ കണക്കാക്കിയതിലെ ആധികാരികതയും കൃത്യതയും ഉറപ്പ് വരുത്താനായില്ല.
4. ഓരോ ദിവസവും എത്ര പേർ യാത്ര ചെയ്തിട്ടുണ്ടെന്നതിന് കൃത്യമായ വിവരം ശേഖരിച്ചിട്ടില്ല.
5. വാഹനത്തിൽ ഡിജിറ്റൽ ബോധവൽക്കരണ ഉപാധികൾ സ്ഥാപിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തണമെന്ന ജില്ലാ വിദഗ്ധ സമിതിയുടെ നിർദ്ദേശം പാലിച്ചതായി വിവരമില്ല.
6. യാത്രാ സൗകര്യം ഇല്ലാത്ത മേഖലകളിലേക്ക് ഗതാഗത സൗകര്യം ലഭ്യമാക്കുന്നതിന് വേണ്ടി കെ.എസ്.ആർടി.സി.യും തദ്ദേശ ഭരണ സ്ഥാപനങ്ങളും കൈകോർത്ത് നടപ്പിലാക്കുന്ന പദ്ധതിയാണ് ഗ്രാമ വണ്ടി പദ്ധതി. ഈ പദ്ധതിയിൽ ഡീസൽ മാത്രം തദ്ദേശ ഭരണ സ്ഥാപനങ്ങൾ നൽകിയാൽ മതിയാകും സ.ഉ.(സാധാ) 704/2022/LSGD, തി-22.03.2022 നമ്പർ ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സി.യുടെ ഗ്രാമ വണ്ടി സർവ്വീസിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ടുകളിൽ ഓടുന്ന ബസ്സുകൾക്ക് തനത് ഫണ്ട് / സംഭാവന ഉപയോഗിച്ച് ഡീസലിനുള്ള പണം നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുമുണ്ട്. ഗ്രാമവണ്ടിയുടെ സാധ്യത ഗ്രാമ പഞ്ചായത്ത് പരിശോധിച്ചതായി വിവരമില്ല.
7. പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച മേൽ പദ്ധതി മൂലം ഗ്രാമ പഞ്ചായത്ത് ഫണ്ടിന് പ്രതിദിനം 8,000/- രൂപയോളം ചെലവ് വരുന്നുണ്ട്. പദ്ധതിയുടെ പ്രായോഗികതയും ഫലപ്രാപ്തിയും വിലയിരുത്തിയതായി കാണുന്നില്ല.
മേൽ അപാകതകൾ ശ്രദ്ധയിൽപെടുത്തി നൽകിയ ഓഡിറ്റ് എൻകപയറി നമ്പർ- 13/2025-26/ 27.07.2026- നു ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.
1. KL-65-T 7324 വാഹനത്തിന്റെ രജിസ്ട്രേഷൻ, സീറ്റിംഗ് കപ്പാസിറ്റി എന്നിവയുടെ രേഖകൾ ഹാജരാക്കി. എന്നാൽ ബസിന്റെ ഫിറ്റ്നസ്, സുരക്ഷാ ക്രമീകരണങ്ങൾ എന്നിവ സംബന്ധിച്ച് ട്രാൻസ്പോർട്ട് അധികൃതരുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.
2. വാഹനത്തിന് Contract Carriage അനുമതി ലഭ്യമാക്കുന്നതിന് റീജ്യണൽ ട്രാൻസ്പോർട്ട് അതോറിറ്റി, മലപ്പുറത്തിന് കത്ത് നൽകി. അനുമതി ലഭ്യമായിട്ടില്ല.
3. ഗ്രാമ പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിലൂടെ യാത്ര ചെയ്യുമ്പോൾ പലപ്പോഴും ജി.പി.എസ്. സിഗ്നൽ യഥാ വിധം

കിട്ടാത്തതിനാൽ ജി.പി.എസ്. റിപ്പോർട്ടിൽ വാഹനം യാത്ര ചെയ്തതിനേക്കാൾ കുറവായ കിലോ മീറ്റർ കാണിക്കുന്നതായി കരാറുകാരൻ പരാതിപ്പെട്ടിരുന്നു. ഇക്കാരണത്താൽ ലോഗ്ബുക്ക് പ്രകാരമുള്ള കി.മീ. അംഗീകരിച്ച് മോണിറ്ററിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും തീരുമാനത്തിന്റെയടിസ്ഥാനത്തിലാണ് തുക നൽകുന്നത്.
4. ബസിൽ യാത്ര ചെയ്തവരുടെ എണ്ണം പ്രത്യേകമായി ശേഖരിച്ചിട്ടില്ല.
5. വാഹനത്തിൽ ഡിജിറ്റൽ ബോധവൽക്കരണ പ്രദർശനം നടത്തിയിട്ടുണ്ട്.
6. കെ.എസ്.ആർ.ടി.സി നടത്തുന്ന ഗ്രാമവണ്ടി പദ്ധതി ഗ്രാമ പഞ്ചായത്ത് പരിഗണിച്ചിരുന്നു. ബസ് സർവീസ് ആവശ്യമുള്ള റൂട്ടുകൾ പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിലായതിനാൽ ചെറിയ വീതി കുറവുള്ള ഗ്രാമീണ റോഡുകളിലൂടെ കെ.എസ്.ആർ.ടി.സി ബസുകൾക്ക് പകരം മിനി ബസുകൾ ഓടിക്കുന്നതായിരിക്കും ഉചിതമെന്ന് കണ്ടെത്തിയതിനാലാണ് ഗ്രാമവണ്ടി പരിഗണിക്കാതിരുന്നത്. ഇക്കാര്യം ജില്ലാ നൂതന കമ്മിറ്റി യോഗം അന്വേഷിക്കുകയും കമ്മിറ്റിയെ ഇക്കാര്യം ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.
7. 2026-27 വാർഷിക പദ്ധതിയിൽ പ്രോജക്ട് നമ്പർ- 175/27 ആയി ഷീ ബസ് നൂതന പദ്ധതിയായി ഉൾപ്പെടുത്തുകയും ജില്ലാ നൂതന കമ്മിറ്റിയുടെ അനുമതിക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വനിത ഘടക പദ്ധതിയായതിനാൽ വനിതകൾക്ക് മാത്രം പ്രയോജനപ്പെടുന്ന രീതിയിൽ പദ്ധതി നടപ്പിലാക്കാനും ഇപ്രകാരം പദ്ധതി ഉൾക്കുറിപ്പിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുമായി കമ്മിറ്റി ഫയൽ തിരികെ അയച്ചിട്ടുണ്ടെന്നും അറിയിച്ചു. നൂതനകമ്മിറ്റിയുടെ അനുമതി ലഭ്യമായെങ്കിൽ നടപ്പു വർഷവും പദ്ധതി നടപ്പിലാക്കുന്നതാണെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.
മേൽ ക്രമ നമ്പർ 1, 2, 3, 4 എന്നിവയിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്. ജില്ലാ വിദഗ്ദ സമിതിയുടെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചും കൃത്യമായ മോണിറ്ററിംഗ് ഉറപ്പാക്കിയും പദ്ധതി നടപ്പിലാക്കേണ്ടതാണ്. പദ്ധതിയുടെ പ്രായോഗികക്ഷമതയും ജയ പരാജയങ്ങളും വിലയിരുത്തിയതിന് ശേഷം മാത്രം PILOT പദ്ധതിയായി ഗ്രാമ പഞ്ചായത്ത് ആവിഷ്ക്കരിച്ച ഈ പദ്ധതി തുടരാവുന്നതാണ്.

1-29 ഭരണ സമിതി തീരുമാനം നടപ്പാക്കിയിട്ടില്ല

ക്രമ നമ്പർ	തീരുമാന നമ്പരും തിയതിയും	തീരുമാനം
1	13/1, 13.05.2025	KL 55 B 6130 നമ്പറിലുള്ള പഴയ ഓഫീസ് വാഹനം കണ്ടം ചെയ്യുന്നത് സംബന്ധിച്ച് ഓഫീസ് അവശ്യത്തിന് ഉപയോഗിച്ചിരുന്ന KL 55 B 6130 നമ്പർ വാഹനത്തിന്റെ രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞതിനാൽ ഉപയോഗശൂന്യമായിരിക്കുകയാണ്. ഈ വാഹനം കണ്ടം ചെയ്യുന്നതിന് വാഹനത്തിന്റെ വില നിർണ്ണയിക്കുന്നതിന് മെക്കാനിക്കൽ

		എഞ്ചിനീയറിംഗ് വീഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയത് പ്രകാരം വാഹനത്തിന്റെ വില 43000 രൂപയായി നിർണ്ണയിച്ചു തന്നിട്ടുണ്ട്. പ്രസ്തുത വാഹനം എത്രയും വേഗം കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് അത്യാവശ്യമാണെന്ന് ഭരണസമിതി നിരീക്ഷിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഓഫീസ് അവശ്യത്തിന് ഉപയോഗിച്ചിരുന്ന KL 55 B 6130 നമ്പർ വാഹനം വാലുവേഷൻ പ്രകാരം കണ്ടം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി യോഗം ഐകകണ്ഠ്യേന തീരുമാനിച്ചു.
2	1/2, 25.06.2025	തെരുവ് വിളക്ക് പരിപാലനം എന്ന പദ്ധതിയുടെ ഭാഗമായി പ്രവൃത്തി നടത്തിയ KEL എന്ന സ്ഥാപനം തിരിച്ച് നൽകിയ കേടായ പഴയ സാധനങ്ങൾ, സാമഗ്രികൾ എന്നിവ ലേലം ചെയ്ത് വിൽപന നടത്തുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

മേൽ രണ്ട് തീരുമാനങ്ങളിലും പരാമർശിച്ച വാഹനവും മറ്റ് സാമഗ്രികളും ഇപ്പോഴും കയ്യൊഴിയാതെ ഗ്രാമ പഞ്ചായത്ത് ഓഫീസിന് മുന്നിൽ അവശേഷിക്കുന്നു. പരിമിതമായ സ്ഥല സൗകര്യം മാത്രമുള്ള ഗ്രാമ പഞ്ചായത്ത് ഓഫീസ് മുൻ വശത്ത് ഇത്തരം പാഴ് വസ്തുക്കൾ ദീർഘ കാലമായി അവശേഷിക്കുന്നത് പൊതു ജനങ്ങൾക്കും ജീവനക്കാർക്കും ഒരു പോലെ ബുദ്ധിമുട്ടുണ്ടാക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നമ്പർ-14/2025-26/27.7.2026- നു മറുപടി ലഭ്യമാക്കിയിട്ടില്ല. ഭരണ സമിതി തീരുമാനം നടപ്പിലാക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

1-30 കെ.എസ്.ഇ.ബി. യിലേക്ക് തുക അടവാക്കി - വിനിയോഗ / പൂർത്തീകരണ വിവരം ലഭ്യമല്ല

ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകൾ പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡിലേക്ക് തുക അടവാക്കിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചതായോ കൈമാറിയ തുക പ്രവൃത്തിക്ക് വേണ്ടി വിനിയോഗിച്ചതായോ ഉള്ള സാക്ഷ്യപത്രം കെ.എസ്.ഇ.ബി.യിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് വിശദാംശങ്ങൾ	ചെലവ് (₹)	വൗച്ചർ നമ്പർ/ തീയതി	റിമാർക്സ്
പ്രോജക്ട് നം.442/26 ചാത്രത്തൊടി സബ്സെന്റർ	47,158	P-G101107-2500084 /27.02.2026	ചേളാരി ഇലക്ട്രിക്കൽ സെക്ഷൻ അസി. എഞ്ചിനിയറുടെ 29.12.2025 ലെ DB/ചേളാരി/പെരുവള്ളൂർ

KSEB സർവീസ് കണക്ഷൻ തുക അടവാക്കൽ ഫണ്ട്- എം.ജി. (നോൺ റോഡ്)			ജിപി/25-26/319 എന്ന കത്തിന്റെയടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്.
പ്രോജക്ട് നം.448/26 ചെമ്പാഴി മാട് അങ്കണവാടി ബഡ്സ് സ്കൂൾ KSEB സർവീസ് കണക്ഷൻ മാറ്റി സ്ഥാപിക്കൽ തുക അടവാക്കൽ ഫണ്ട്- എം.ജി. (നോൺ റോഡ്)	42,818	P-G101107-25000848 /27.02.2026	തലപ്പാറ ഇലക്ട്രിക്കൽ സെക്ഷൻ അസി. എഞ്ചിനിയറുടെ 6.2.2026 ലെ DB/ഇഎസ്/തലപ്പാറ /ജനറൽ /25-26/234 നമ്പർ കത്തിന്റെയടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്.
ആകെ	**89,976**		

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം കെ.എസ്.ഇ.ബി. യിൽ നിന്നും ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറി നമ്പർ-15/2025-26/28.07.2026- നു മറുപടി ലഭ്യമാക്കിയിട്ടില്ല. പൂർത്തീകരണ വിവരത്തിന്റെ അഭാവത്തിൽ ചെലവ് തുക 89,976/- രൂപ തടസ്സം ചെയ്യുന്നു.

1-31 വസ്തു നികുതി പരിഷ്ക്കരണം - ജി.ഐ.എസ് മാപ്പിംഗ് - പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട്	വസ്തു നികുതി പരിഷ്ക്കരണം - വിവരശേഖരണം – ഏജൻസിയെ നിയോഗിക്കൽ (200/26)
അടങ്കൽ	₹13,99,976/-
ചെലവ്	₹2,79,995/-
ബിൽ/വൗച്ചർ നമ്പർ	P-G101107-25000284/03.09.2025
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

ഗ്രാമ പഞ്ചായത്തിന്റെ 2025-26 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തിയ മേൽ പ്രോജക്ട് പ്രകാരം വസ്തു നികുതി പരിഷ്ക്കരണത്തിന്റെ ഭാഗമായി നൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി വിവര ശേഖരണം

നടത്തുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ. ഓപ്പറേറ്റീവ് സൊസൈറ്റി ലിമി. (ULCCS) മായി 23.08.2025 ന് ആദ്യ ഘട്ട പ്രവർത്തനങ്ങൾക്കായി 13,99,976/- രൂപയ്ക്കും, രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി 5,99,924/- രൂപയ്ക്കും കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കരാർ പ്രകാരം ഡ്രോൺ സർവ്വേ, Base Map, Web Configuration And Mapping, Building Property Survey, Integration Of Data To Web Portal എന്നിവ നടത്തി ഒരു വർഷം കൊണ്ട് പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. എഗ്രിമെന്റ് പ്രകാരം മുന്നൊരുക്ക പ്രവർത്തനങ്ങൾക്കായി മൊബിലൈസേഷൻ അഡ്വാൻസ് നൽകാവുന്നതാണ്. ആയതിന്റെയടിസ്ഥാനത്തിൽ 2,79,995/- രൂപ മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ നൽകി (20% Of The First Phase Of Project Cost).

കരാർ അനുസരിച്ച് ഡ്രോൺ ഉപയോഗിച്ചാണ് സർവ്വേ നടത്തേണ്ടിയിരുന്നത്. എന്നാൽ സർവ്വേ നടത്തേണ്ടതായ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള 17.76 ചതുരശ്ര കി.മീ. സ്ഥലം കോഴിക്കോട് വിമാനത്താവളത്തിന്റെ റെഡ് സോൺ പരിധിയിൽ ഉൾപ്പെടുന്നതിനാൽ എയർപോർട്ടിന്റെ ATC അനുമതി ലഭ്യമാക്കാൻ സാധിക്കാത്തതിനാൽ ULCC 30.12.2025 തിയതിയിലെ ULTS/GIS/25-26/893 നമ്പർ കത്തിൽ അറിയിച്ചതിനെ തുടർന്ന് ഡ്രോൺ ചിത്രത്തിന് പകരം Satellite Image ഉപയോഗിച്ച് Road And Asset Survey, Building Survey എന്നിവ ആരംഭിക്കുന്നതിന് ഗ്രാമ പഞ്ചായത്തിന്റെ 09.02.2026 ലെ 14/1 നമ്പർ തീരുമാന പ്രകാരം അനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിലവിലെ കരാർ പുതുക്കി പുതിയൊരു കരാറിൽ 18.04.2026 ന് ഒപ്പ് വെച്ചിട്ടുണ്ട്.

കരാർ പ്രകാരമുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിവരം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻകയറി നമ്പർ-27/2025-26/02.08.2026- നുള്ള മറുപടിയിൽ, കരാർ പ്രകാരമുള്ള 10.91 ചതുരശ്ര കി.മീ. ബേസ് മാപ്പ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവെന്നും ശേഷിക്കുന്നവ പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നും ഫീൽഡ് തലത്തിൽ പൂർത്തീകരിച്ച റോഡ്, റോഡ് അനുബന്ധ ആസ്തി സർവ്വേ വിവരങ്ങൾ ഓഫീസ് തലത്തിൽ ഗുണമേന്മ പരിശോധന പൂർത്തീകരിച്ച് വെബ് ജി.ഐ.എസ് പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും ആദ്യ ഘട്ട പ്രവർത്തനങ്ങളിലെ 7815 കെട്ടിടങ്ങളുടെ സർവ്വേ പ്രവർത്തനങ്ങൾ ഫീൽഡ് തലത്തിൽ പുരോഗമിക്കുകയാണെന്നും ഗുണമേന്മ പരിശോധന പൂർത്തീകരിക്കുന്നതിനനുസരിച്ച് വെബ് പോർട്ടലിൽ ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ജി.ഐ.എസ് മാപ്പിംഗ് പ്രവൃത്തി പൂർത്തീകരിച്ച് കെ-സ്മാർട്ടുമായി ഇന്റഗ്രേറ്റ് ചെയ്ത് ആയതിനനുസൃതമായി വസ്തു നികുതി പരിഷ്ക്കരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-32 ഇലക്ട്രിഫിക്കേഷൻ പൂർത്തീകരിച്ച കെട്ടിടങ്ങളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടില്ല

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2025-26 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി ചുവടെ ചേർത്തിട്ടുള്ള ഇലക്ട്രിഫിക്കേഷൻ പ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഇലക്ട്രിഫിക്കേഷൻ (വയറിംഗ്) പൂർത്തീകരിച്ച കെട്ടിടങ്ങളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയതായി വിവരമില്ല. ഇത് സംബന്ധിച്ച് കെ.എസ്.ഇ.ബി. യിൽ അപേക്ഷിച്ചതായോ കോഷൻ ഡെപോസിറ്റ് അടച്ചതായോ വിവരം ഫയലിൽ ലഭ്യമല്ല.

വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രോജക്ടിന്റെ പേരും നമ്പരും	ചെലവ് തുക (₹)	വൗച്ചർ നമ്പർ/ തിയതി
1	വിവിധ അങ്കണവാടികളുടെ വയറിംഗ് (സൂപ്പർബസാർ, നടുക്കര, കരുവാൻതടം, ആലുങ്ങൽ) പ്രൊജക്റ്റ് നം. 413/26 ഫണ്ടിനം- സി.എഫ്.സി. അടങ്കൽ- ₹3,00,000/- പൂർത്തീകരിച്ച തിയതി- 03.12.2025	2,46,648	P-G101107-25000262/ 20.1.2026
2	വിവിധ സബ്സെന്ററുകളുടെ വയറിംഗ് (കൂമണ്ണ, കൊല്ലംചിന, ചാത്രത്തൊടി) പ്രൊജക്റ്റ് നം.414/26 ഫണ്ടിനം- സിഎഫ്.സി അടങ്കൽ- ₹5,00,000/- പൂർത്തീകരിച്ച തിയതി - 12.11.2025	4,22,915	P-G101107-25000221/ 25.11.2025

മേൽ കെട്ടിടങ്ങളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്. കണക്ഷൻ ലഭ്യമായിട്ടില്ലെങ്കിൽ ആയതിന് സ്വീകരിച്ച തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നമ്പർ-17/2025-26/29.7.2026-നു മറുപടി ലഭ്യമാക്കിയിട്ടില്ല.

1-33 ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂൾ പ്രവർത്തിക്കുന്നു.

പ്രീ പ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ / എയ്ഡഡ് / നോൺ എയ്ഡഡ് സ്കൂളുകളും പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും കൈവരിക്കേണ്ടതാണെന്നും, ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നില്ലെന്ന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മേധാവി ഉറപ്പാക്കേണ്ടതാണ് എന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.12.2016ലെ 792455/ഇ.ഡബ്ല്യു.3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം

നിർദ്ദേശിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള നവ ഭാരത് സെൻട്രൽ സ്കൂളിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നുണ്ടെങ്കിലും, അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ 2025-26 വർഷത്തേക്ക് ഫിറ്റ്നസ് നൽകിയ സ്കൂളുകളുടെ ഫയൽ പരിശോധിച്ചതിൽ നവ ഭാരത് സെൻട്രൽ സ്കൂളിന് ഫിറ്റ്നസ് നൽകിയതിന്റെ രേഖകൾ ഹാജരാക്കുവാൻ വേണ്ടി നല്കിയ ഓഡിറ്റ് എൻകുയറിക്ക് (29/03.08.2026) മറുപടി ലഭ്യമാക്കിയില്ല. മറുപടി ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക കണക്ക് ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നിൽകിയതിന്റ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ / തീയതി
2025-26	2025-26 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി	ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി.

4-2 സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

വിഹിതം നൽകിയ സ്ഥാപനം	പ്രോജക്ട് നമ്പർ, പേര്	ലഭിച്ച തുക (₹)	ചെലവഴിച്ച തുക (₹)	നീക്കിയിരിപ്പ്
തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്	6/26 - കരുതൽ - ബാലസൗഹൃദ പഞ്ചായത്ത് - മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ	7,82,000	7,82,000	0
	31/26 - പാലിയേറ്റീവ് പരിചരണം	1,00,000	1,00,000	0
	96/26 - ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി	4,00,000	4,00,000	0
	103/26 - സമഗ്ര നെൽകൃഷി വികസനം	5,00,000	5,00,000	0
	242/26 - ഇല്ലത്തൂട് വരിച്ചാൽ റോഡ് റീ-ടാറിംഗ്-11	4,00,000	4,00,000	0
	253/26 - വട്ടപ്പറമ്പ്-മാട്ടിൽ റോഡ് റീടാറിംഗ്-1	2,85,230	2,85,230	0
	272/26 - മലപ്പുറത്തൂട് റോഡ് പൂർത്തീകരണം	5,52,095	5,52,095	0
	ആകെ	**30,19,325**	**30,19,325**	**0**
മലപ്പുറം ജില്ലാ പഞ്ചായത്ത്	143/26 - എസ് സി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്	6,15,000	6,15,000	0
	ആകെ	**6,15,000**	**6,15,000**	**0**

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നം., തീയതി	മുൻകൂർ നൽകിയ തുക (₹)	ചെലവഴിച്ച തുക (₹)	പൂർത്തീകരിച്ച വിവരം	ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹)

കെ.എസ്. ഇ.ബി	192/26 - കെ എസ് ഇ ബി പോസ്റ്റ് മാറ്റി വെക്കൽ	P-G101107-25000608, 08.01.2026	43,483	43,483	പൂർത്തീകരിച്ചു	0
	442/26 - ചാത്രത്തൊടി സബ്സെന്റർ KSEB സർവീസ് കണക്ഷൻ തുക അടവാക്കൽ	P-G101107-25000847, 27.02.2026	47,158	0	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.	47,158
	448/26 - ചെമ്പാഴി മാട് അങ്കണവാടി ബഡ്സ് സ്കൂൾ KSEB സർവീസ് കണക്ഷൻ മാറ്റി സ്ഥാപിക്കൽ തുക അടവാക്കൽ	P-G101107-25000848, 27.02.2026	42,818	0	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.	42,818
	ആകെ		**1,33,459**	**43,483**	**0**	**89,976**

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ തിരിച്ചടവിന്റെ വിവരം

ക്രമ നം.	വായ്പയുടെ ഉദ്ദേശ്യം	ഉത്തരവ് നം./ തീയതി	വായ്പ തുക (₹)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി (₹)	തൻവർഷം തിരിച്ചടച്ച തുക (₹)		വർഷാവസാന ബാക്കി (₹)
					മുതൽ	പലിശ	
1	"LIFE" ഭവന പദ്ധതി	ലഭ്യമല്ല	3,17,15,394	2,29,46,924	21,18,659	0	2,08,28,265

4-6 സ്ഥിര നിക്ഷേപം

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	നിലവിലെ സ്ഥിതി
2015-16	2(1), 2(3), 2(4)	2016-17	2(1), 2(3), 2(4)	തൊഴിൽ നികുതി	നിലനിൽക്കുന്നു.

4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

എ). സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹)	17,74,46,086.50
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹)	12,46,43,731.00
വരവിനങ്ങളിലെ നഷ്ടം (₹)	0.00
ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹)	0.00
ഓഡിറ്റിൽ തടസപ്പെടുത്തിയ തുക (₹)	1,74,645.00

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

സി). ഓഡിറ്റിൽ തടസപ്പെട്ടുത്തിയ തുക.

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും

1-23	6,469	ഡോ. മുഹമ്മദ് റാസി. പി., മെഡിക്കൽ ഓഫീസർ (ബി.എഫ്.എച്ച്.സി)
1-25	78,200	ശ്രീമതി. വിബിത. സി., ഐ.സി.ഡി.എസ്. സൂപ്പർവൈസർ
1-30	89,976	ശ്രീ. രാജേഷ്. എ. കെ., സെക്രട്ടറി
ആകെ	**1,74,645**	

ഡി). കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഇ). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

എഫ്). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

ഇല്ല.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ക്രമ നം.	ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1	2002-03 (ചെലവ്)	കെ.എസ്.എ.എം.പി.എം.15/2146/2022(1), തീ. 30.09.2022	1
2	2004-05	കെ.എസ്.എ.എം.പി.എം.15/2146/2022(3), തീ. 30.09.2022	1
3	2005-06	കെ.എസ്.എ.എം.പി.എം.15/1643/2023, തീ. 04.01.2024	1
4	2006-07	കെ.എസ്.എ.എം.പി.എം.15/1643/2023, തീ. 01.11.2023	1
5	2007-08	കെ.എസ്.എ.എം.പി.എം.15/2146/2022(6), തീ. 30.09.2022	6
6	2009-10	എൽ.എഫ്.എം.15/2146/2022(8), തീ. 30.09.2022	1
7	2013-14, 2014-15	കെ.എസ്.എ.എം.പി.എം.15/2146/22(10), തീ. 30.09.2022	2

8	2015-16	കെ.എസ്.എ.എം.പി.എം.15/3004/2016, തീ. 19.02.2018	2
9	2016-17	കെ എസ് എ.എം.പി.എം.15/1286/2017, തീ. 04.12.2023	3
10	2017-18	കെ എസ് എ.എം.പി.എം.15/259/2019, തീ. 04.12.2023	12
11	2018-19	കെ.എസ്.എ എം.പി.എം.15/204/2020, തീ. 04.12.2023	5
12	2019-20	കെ.എസ്.എ.എം.പി.എം.15/1453/2021, തീ. 04.11.2023	5
13	2020-21	കെ.എസ്.എ എം.പി.എം.15/1454/2021, തീ. 05.09.2023	6
14	2021-22	കെ.എസ്.എ എം.പി.എം.15/2395/2022, തീ. 04.01.2023	7
15	2022-23	കെ.എസ്.എ എം.പി.എം.15/2713/2023, തീ. 23.02.2024	25
16	2023-24	കെ.എസ്.എ എം.പി.എം.15/2608/2024, തീ. 12.03.2025	13
17	2024-25	കെ.എസ്.എ.എം.പി.എം.15/1832/2025, തീ. 25.02.2026	28

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 20(01) dated 20(1) dated 29-06-2026 and submitted on 04-07-2026 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2026 and Balance sheet as on 31-03-2026 , with supporting forms, of the Peruvallur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2025-2026 and Financial position of Peruvallur Grama Panchayat as on 31-03-2026

Date: 08/09/2026 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Peruvallur Grama Panchayat for the Year 2025-2026.

1.Major Observations

-NIL-

2.Other Observations

1. The following mandatory financial statements prescribed in accounting rules are not submitted for auditing.
   i. Ratios
   ii. Notes on accounts
   iii. Comparative amounts
2. Certain figures in the annual financial statement are not recorded in whole numbers in accordance with accounting rules.
3. While entering the opening balance as on 01.04.2025, The closing balance as on 31.03.2025 in the head *414100106 - Primary Education-Buildings In Government Schools* was wrongly carried over to the head *4107001 - Furniture, Fixtures, Fittings & Electrical Appliances*
4. Certain bank accounts which had zero balance as per RP 40(B) schedule as on 31.03.2025 have not been included in the opening balance schedule of Receipt & payment statement of AFS 2025-26
5. The entire allotment amounts for various plan funds have been recorded as receipts in the Receipt and Payment Statement (Schedule R17).
6. An amount of Rs. 4,96,410 in the head *3501002 - Contractors Control Account* is remained in the balance sheet as on 31.03.2026 due to not making timely journal entry.
7. The following registers are not maintained
   i. Profession Tax (Traders) DCB Register
   ii. Auction Register
8. The following registers do not tally with the accounts.
   1. Deposit Register
   2. Profession Tax (Employees) DCB Register
   3. Abstract of DCB statement in respect of property tax register
   4. Asset register
   5. EFMS amount in respect of MGNREGS is not recorded in cashbook

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2025-2026 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്